ദി ഡിഫെൻഡർ

Vol. No. 8 Issue No. 8 RNI Reg. No. 68089 / 97 Published From Perumbavoor 2005 APRIL 16

# കടം വീട്ടിയില്ലെങ്കിൽ പ്രശ്നം ഗുരുതരമാകും

ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്തു സഭ ഐ.പി.സി.യെന്നാണ് പറയപ്പെടുന്നത്. ഏറ്റവും വലിയ പെന്തക്കോസ്തു കൺവെൻഷൻ കുമ്പനാടു കൺവെൻഷനാണെന്നും പറയപ്പെടുന്നു. പക്ഷേ കുമ്പനാടു കൺവെൻഷൻ നടത്താൻ ആവശ്യമായ പണം ഈ കൊല്ലം ലഭിച്ചില്ലെന്ന സത്യം മിക്കവരും അറിഞ്ഞിട്ടില്ല.

ഈ കൊല്ലത്തെ കുമ്പനാടു കൺവെൻഷൻ കഴിഞ്ഞപ്പോൾ മൂന്നു ലക്ഷം രൂപ കടമുണ്ടായി. ഭക്ഷണത്തിന്റെ ചുമതല വഹിച്ച കമ്മറ്റിയ്ക്ക് മാത്രം രണ്ടു ലക്ഷം രൂപ കടമുണ്ട്. കൺവെൻഷൻ കഴിഞ്ഞിട്ട് മൂന്നു മാസത്തിലധികമായിട്ടും കമ്മിറ്റിക്കാർക്ക് പണം ലഭിച്ചിട്ടില്ല. സഭയിലെ അക്കൗണ്ടിൽ പണമില്ലെന്നത്രേ പറയപ്പെടുന്നത്.

സഭയ്ക്ക് ഫണ്ടില്ലെങ്കിലും നേതാക്കന്മാർക്കും അവരുടെ സ്വകാര്യ ട്രസ്റ്റുകൾക്കും പണത്തിന് പഞ്ഞമില്ല. ഐ.പി.സി.യിലെ പ്രസിഡന്റായ ടി.എസ്. ഏബ്രഹാം പത്തനംതിട്ട ജില്ലയിലെ പ്രധാന പണക്കാരിൽ ഒരാളാണ്. അഞ്ചു കോടിയോളം രൂപ മുടക്കിയാണ് ടി.എസ്. ഏബ്രഹാമിന്റെ സ്വകാര്യ ട്രസ്റ്റ് ഓതറയിൽ സ്ഥലം വാങ്ങിയത്. ഐ.പി.സി.യിലെ നേതാക്കന്മാരുടെ ഒരു മാസത്തെ വരുമാനത്തിന്റെ ദശാംശമെങ്കിലും സഭയ്ക്ക് നൽകിയിരുന്നെങ്കിൽ ഈ കടങ്ങൾ എല്ലാം വീട്ടുവാൻ കഴിയുമായിരുന്നു.

ഐ.പി.സി.യുടെ കടങ്ങൾ വീട്ടാൻ സഭാനേതാക്കന്മാർക്കു പോലും താത്പര്യം ഇല്ലാത്ത സ്ഥിതിയ്ക്ക് തങ്ങൾ എന്തിനു നഷ്ടം സഹിക്കണം എന്നാണ് പണം കിട്ടാനുള്ള കമ്മറ്റിക്കാർ ചോദിക്കുന്നത്. തങ്ങൾക്കു ലഭിക്കാനുള്ള പണം ഈ വൈകിയ വേളയിലെങ്കിലും നൽകാൻ സഭാ നേതൃത്വം നടപടി സ്വീകരിച്ചില്ലെങ്കിൽ മറ്റു വഴികൾ തേടുമെന്നും ഇവരിൽ ചിലർ പറയുന്നു. ഈ പ്രശ്നം എത്രയും വേഗം പരിഹരിച്ചില്ലെങ്കിൽ കുമ്പനാട്ടു ചില കൈയ്യാങ്കളികൾ നടക്കുമെന്നതിനും സംശയമില്ല.

# കള്ള കാവിയറ്റ് പുലിവാലാകുന്നു

ശാരോൻ നേതാക്കന്മാർ കഴിഞ്ഞ ഡിസംബറിൽ ഫയൽ ചെയ്ത കള്ള കാവിയറ്റ് നേതാക്കന്മാർക്ക് പുലിവാലാകുന്നു. എറണാകുളം ജില്ലയിലുള്ള പാണംകുഴി ശാരോൻ സഭയിലെ രണ്ടു വിശ്വാസികളുമായി ഒത്തു കളിച്ചാണ് ശാരോൻ നേതാക്കന്മാർ കള്ള കാവിയറ്റ് എടുത്തത്. അതീവ രഹസ്യമായാണ് കരുക്കൾ നീക്കിയതെങ്കിലും കാവിയറ്റ് ഫയൽ ചെയ്ത ദിവസം തന്നെ ഡിഫെൻഡർ വിവരം അറിഞ്ഞു. അങ്ങനെയാണ് കള്ളി വെളിച്ചത്തായത്.

പാണംകുഴി സഭയിലെ വിശ്വാസികളായ തൈപ്പറമ്പിൽ തോമസ്, തൈപ്പറമ്പിൽ ജോസഫ് എന്നിവർക്കെതിരെയാണ് സഭാനേതാക്കന്മാർ കാവിയറ്റ് എടുത്തത്. ഈ വ്യക്തികളുമായി ശാരോൻ നേതാക്കന്മാർ നടത്തിയ ഗൂഢാലോചനയുടെ ഫലമായിരുന്നു കാവിയറ്റ്. ഇതേപ്പറ്റി ഡിഫെൻഡറിന്റെ മുൻലക്കങ്ങളിൽ വിശദീകരിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.

ശാരോൻ കൺവെൻഷൻ തടയാൻ ടി.എസ്. ബാലൻ കേസു കൊടുക്കും എന്ന കണക്കുകൂട്ടലിലാണ് ശാരോൻ നേതാക്കന്മാർ ഈ കളിയൊക്കെ കളിച്ചത്. പക്ഷേ ചക്കിനു വെച്ചതു കൊക്കിനു കൊണ്ടു എന്നു പറഞ്ഞതു പോലെയായി കാര്യങ്ങൾ. കള്ള കേസിന്റെ കഥ പരസ്യമായതോടെ പാണംകുഴി സഭയിലെ വിശ്വാസികൾ രോഷാകുലരായി. കള്ളകേസു കൊടുത്ത സഭാ നേതാക്കന്മാർ മാപ്പു പറയാതെ പ്രശ്നം അവസാനിക്കില്ല എന്ന നിലപാടിൽ അവർ എത്തി. എങ്കിലും നേതാക്കന്മാർ മാപ്പു പറയാൻ തയ്യാറായില്ല. ഈ പ്രശ്നം അനുദിനം രൂക്ഷമായിക്കൊണ്ടിരിക്കയാണ്.

ചർച്ചയിലൂടെ പ്രശ്നം പരിഹരിക്കുന്നതിനായി പാണംകുഴി സഭയിലെ പ്രതിനിധികളെ കഴിഞ്ഞ ദിവസം തിരുവല്ലയിൽ വിളിച്ചിരുന്നു. യഥാർത്ഥ പ്രശ്നങ്ങളിലേക്ക് കടക്കാതെ പടപ്പിൽ തല്ലുകയാണ് സഭാ നേതാക്കന്മാർ ചെയ്തത്. അതു കൊണ്ട് ഒരു വിധത്തിലുള്ള പരിഹാരവും ഉണ്ടായതുമില്ല. മാത്രമല്ല കള്ളകാവിയറ്റു പ്രശ്നം അവഗണിക്കുവാനും സഭാ നേതാക്കന്മാർ തയ്യാറായി. അതു നടക്കാതെ വന്നപ്പോൾ തങ്ങൾ കാവിയറ്റു കൊടുത്തിട്ടേയില്ലായെന്നായി ഈ ഭോഷ്ക്കിന്റെ പുത്രന്മാരുടെ വാദം. പക്ഷേ ആ വിദ്യയും ഫലിച്ചില്ല. അങ്ങനെ ചർച്ച അലസ്സി പിരിഞ്ഞു.

സ്വന്തം മകളെ ഭാര്യയാക്കി വച്ചിരിക്കുന്ന സി.വി. ജോൺ എന്ന കുഞ്ഞൂട്ടിയുടെ നേതൃത്വത്തിൽ ആയിരുന്നു ചർച്ച. പി.എം. ജോണെന്ന ഒരു മണിക്കൂർ സെക്രട്ടറിയും കൂട്ടിനുണ്ടായിരുന്നു. സാക്ഷാൽ ചെകുത്താൻ പോലും നാണിച്ചു പോകുന്നത്ര ഭോഷ്ക്കുകൾ ഈ നാശയോഗ്യന്മാർ പറഞ്ഞു നോക്കിയെങ്കിലും പാണംകുഴി സഭയിലെ വിശ്വാസികൾ തങ്ങളുടെ നിലപാടിൽ ഉറച്ചുനിന്നു. അങ്ങനെയാണ് സാത്താന്റെ തന്ത്രങ്ങൾ വിഫലമായത്. കള്ളകാവിയറ്റു കൊടുത്ത് തങ്ങളുടെ സഭയെ അപമാനിച്ചതിന് നേതാക്കന്മാർ ക്ഷമ പറയാതെ പ്രശ്നം പരിഹരിക്കാനാവില്ലായെന്ന് പാണംകുഴിയിലെ വിശ്വാസികൾ വ്യക്തമാക്കിയിട്ടുണ്ട്.

## - വിശുദ്ധ പദവി -

# കടമ്പകൾ ഏറെ

ജോൺ പോൾ രണ്ടാമൻ മാർപാപ്പായെ എത്രയും വേഗം വിശുദ്ധനായി പ്രഖ്യാപിക്കണമെന്ന അവശ്യത്തിന് പിൻതുണ ഏറിക്കൊണ്ടിരിക്കുകയാണ്. പക്ഷേ അത് അത്ര എളുപ്പം സാധിക്കുന്ന കാര്യമല്ല.

റോമൻ കത്തോലിക്കാ സഭയിൽ ഒരാളെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നത് പ്രധാനമായി അഞ്ച് നടപടി ക്രമങ്ങൾക്കുശേഷമാണ്. ഏ.ഡി. പത്താം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജോൺ പതിനഞ്ചാമൻ മാർപാപ്പായാണ് ഈ ചട്ടങ്ങൾക്ക് രൂപം കൊടുത്തത്. ചില ഭേദഗതികളോടെ ഈ ചട്ടങ്ങൾ ഇന്നും പ്രാബല്യത്തിൽ ഇരിക്കുന്നു.

1. ഒരു വ്യക്തി മരിച്ച് അഞ്ചു വർഷം കഴിഞ്ഞശേഷം മാത്രമേ നാമകരണത്തിനുള്ള ആദ്യ നടപടി ആരംഭിക്കയുള്ളു. (മദർ തെരേസയുടെ കാര്യത്തിൽ മാർപാപ്പാ ഈ ചട്ടം ഒഴിവാക്കി). വിശുദ്ധനായി പ്രഖ്യാപിക്കേണ്ട വ്യക്തിയുടെ ജീവിതവും പ്രവൃത്തിയും മറ്റും പ്രാദേശിക ബിഷപ്പ് പരിശോധിക്കും. സ്വീകാര്യം എന്ന് ബോദ്ധ്യമായാൽ എല്ലാ രേഖകളും വത്തിക്കാനിലേക്ക് അയയ്ക്കും.

2. വിശുദ്ധരായി പ്രഖ്യാപിച്ചു കിട്ടാൻ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കാൻ വത്തിക്കാനിൽ ഒരു സമിതിയുണ്ട്. ഈ സമിതി രേഖകൾ വീണ്ടും പരിശോധിക്കും. സ്വീകാര്യം എന്നു കണ്ടാൽ അപേക്ഷ മാർപാപ്പായുടെ പരിഗണനയ്ക്ക് സമർപ്പിക്കും.

3. എല്ലാ രേഖകളും പരിശോധിച്ച ശേഷം മാർപാപ്പാ സ്ഥാനാർത്ഥിയെ ബഹുമാനയോഗ്യനായി (venerable) പ്രഖ്യാപിക്കും. വിശുദ്ധ പദവിയിലേക്കുള്ള ആദ്യ പടിയാണിത് എന്ന് പറയാം. മദറിൻെറ കാര്യത്തിൽ ഈ നടപടിക്രമങ്ങളെല്ലാം അസ്സാധാരണമായ വേഗത്തിൽ കഴിഞ്ഞു.

4. സ്ഥാനാർത്ഥിയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്നതാണ് അടുത്ത പടി. സ്ഥാനാർത്ഥിയുടെ മദ്ധ്യസ്ഥതയിൽ ഒരു അത്ഭുതം നടന്നു എന്ന് തെളിയണം. അത്ഭുതം എന്ന് സംശയം കൂടാതെ പറയാവുന്ന കാര്യമാണ് നടക്കേണ്ടത്. അത്ഭുതം എന്ന് പറയപ്പെടുന്ന മിക്ക സംഭവങ്ങളും അത്ഭുതം ആയിരിക്കില്ല എന്നതാണ് പ്രശ്നം. അതുകൊണ്ട് അത്ഭുതങ്ങളേക്കുറിച്ച് വിശദമായ അന്വേഷണം നടത്തും. നടന്നത് അത്ഭുതമാണ് എന്ന് തെളിഞ്ഞാൽ മാത്രമേ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കൂ. സങ്കീർണ്ണമായ നടപടി ക്രമങ്ങൾക്കു ശേഷമാണ് ഈ പ്രഖ്യാപനം നടത്തുക. സഭയ്ക്കു വേണ്ടി രക്തസാക്ഷിത്വം വരിച്ച വരെ ആദ്യത്തെ അത്ഭുതം കൂടാ

(പേജ് – 8 ..................)

# ഐ.പി.സി.യിൽ തുക്ലക് മോഡൽ ഭരണപരിഷ്ക്കാരങ്ങൾ

സാക്ഷാൽ മുഹമ്മദ് ബീൻ തുക്ലക്കിനെ കടത്തിവെട്ടുന്ന ഭരണപരിഷ്ക്കാരങ്ങൾ ഐ.പി.സി.യിൽ നടപ്പിൽ വരുത്താൻ സഭാനേതൃത്വം തീരുമാനിച്ചതായി കുമ്പനാട്ടു നിന്നു ലഭിക്കുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഐ.പി.സി.യിൽ ഇപ്പോൾ നിലവിലുള്ള റീജിയനുകൾ സ്റ്റേറ്റ് അടിസ്ഥാനത്തിൽ പുനർ നിർണ്ണയിക്കാൻ ആണ് പദ്ധതി ഇടുന്നത്.

ഐ.പി.സി.യിലെ സെന്ററുകൾ, റീജിയനുകൾ തുടങ്ങിയവ ഒരു എത്തും പിടിയും കിട്ടാത്ത പ്രഹേളികകൾ ആണ്. കുമ്പനാടു സെന്ററിലെ ഒരു സഭ ഹിമാലയത്തിന്റെ മുകളിൽ എവിടെയെങ്കിലും ഉണ്ടായെന്നു വരാം. നോർത്തേൻ റീജിയന്റെ സഭ ഇന്ത്യയുടെ തെക്കേയറ്റത്തു കിടക്കുന്ന കേരളത്തിൽ ഉണ്ടാകും. ആർക്കും എന്തും ആകാം. ചോദിക്കാനും പറയാനും ആരും ഇല്ല. ഇതാണ് ഐ.പി.സി.യിലെ സ്ഥിതി. ഇതിനൊരു മാറ്റം വരുത്താൻ ആണ് സഭാ നേതൃത്വം ശ്രമിക്കുന്നത്.

ഈ തീരുമാനം മോശമാണെന്നു പറയാനാവില്ല. പക്ഷേ ഏട്ടിലെ പശു പുല്ലു തിന്നില്ല എന്നതാണ് പ്രധാന പ്രശ്നം. കുറെക്കാലം മുമ്പ് ഐ.പി.സി.യിലെ സ്റ്റേറ്റ് കൗൺസിൽ കൊടൈക്കനാലിൽ കുറെ അത്യുഗ്രൻ തീരുമാനങ്ങൾ എടുത്തിരുന്നു. അവ ഏട്ടിലെ പശുവായി അവശേഷിക്കും എന്ന് അന്നു തന്നെ ഡിഫെൻഡർ പറഞ്ഞിരുന്നതുമാണ്. ഡിഫെൻഡറിന്റെ കണക്കുകൂട്ടലുകൾ തെറ്റിയില്ല. കൊടൈക്കനാലിൽ വച്ച് എടുത്ത ഒരു തീരുമാനവും നടപ്പിലായില്ല. ഇപ്പോൾ സഭാ നേതൃത്വം എടുത്തിരിക്കുന്ന തീരുമാനങ്ങളുടെ ഗതിയും ഇതൊക്കെ തന്നെ. തീരുമാനങ്ങൾ കടലാസിൽ കിടക്കും. റീജിയനുകൾ പഴയപടി പ്രവർത്തനം തുടരും.

കൗൺസിൽ എടുക്കുന്ന തീരുമാനങ്ങൾ അട്ടിമറിയ്ക്കുന്നത് കൗൺസിലിന്റെ നേതാക്കന്മാർ തന്നെയാണ്. സെന്ററുകളിൽ കലഹങ്ങൾ ഉണ്ടാക്കി പുതിയ സെന്ററുകൾ രൂപീകരിക്കുന്നതിനെതിരെ സ്റ്റേറ്റു കൗൺസിൽ അടുത്തകാലത്തു തീരുമാനമെടുക്കുകയുണ്ടായി. പക്ഷേ ഈ തീരുമാനത്തിനെതിരായി പ്രവർത്തിക്കുന്നത് നേതാക്കന്മാർ തന്നെ. തൃശൂർ ഭാഗത്തുള്ള ചില ഐ.പി.സി. സഭകളെ കേന്ദ്രത്തിന്റെ കീഴിലാക്കി പരിരക്ഷിക്കാൻ ഐ.പി.സി.യിലെ ഒരു പ്രമുഖ നേതാവ് നടത്തുന്ന ശ്രമങ്ങൾ തന്നെ നല്ല ഉദാഹരണം.

ഐ.പി.സി.യും കോൺഗ്രസ്സും ഒന്നു പോലെയാണ്. രണ്ടിടത്തും കൈയ്യൂക്കുള്ളവർ കാര്യക്കാരാകും. ആദർശങ്ങൾ മുറുകെ പിടിച്ചിരിക്കുന്നവർ വഴിയാധാരമാകും. അത്യുഗ്രൻ തീരുമാനങ്ങൾ ഉണ്ടാകും, നിമിഷങ്ങൾക്കകം അതു ലംഘിക്കപ്പെടും.

Internet: www.tsbalan.com Email: tsbalan@yahoo.com Phone: 0484-2592249. Mobile: 94474 14608

ദി ഡിഫെൻഡർ

Vol. No.8 Issue No. 8 2005 April 16

# സി.പി.ഐ.(എം) വീണ്ടും മാതൃകയാകുന്നു.

എന്തൊക്കെ കുറ്റങ്ങൾ പറയാനുണ്ടെങ്കിലും ഒരു രാഷ്ട്രീയ കക്ഷി എന്ന നിലയിൽ സി.പി.ഐ.(എം) ഉള്ള നിസ്തുലത അംഗീകരിക്കാതെ വയ്യ. ബ്രാഞ്ച് തലം മുതൽ ദേശീയതലം വരെ കുറ്റമറ്റ രീതിയിൽ സംഘടനാ തെരഞ്ഞെടുപ്പു നടത്തികൊണ്ട് ഈ രാഷ്ട്രീയ കക്ഷി, ഭാരതത്തിലെ മറ്റെല്ലാ പാർട്ടികൾക്കും മാതൃകയാകുകയാണ്.

കോഴിയുടെ മുലയൂട്ട് പോലെ കോൺഗ്രസിലെ സംഘടനാ തെരഞ്ഞെടുപ്പ് അനന്തമായി നീണ്ടുപോയ്ക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. വല്ല കാലത്തും ഒരു തെരഞ്ഞെടുപ്പു നടന്നാൽ തന്നെ അത് ഒട്ടേറെ പ്രശ്നങ്ങൾക്ക് കാരണമാകാറുമുണ്ട്. പക്ഷേ, സി.പി.ഐ.(എം)ൽ യഥാകാലം തെരഞ്ഞെടുപ്പുകൾ നടക്കുന്നു. അണികളുടെ താൽപ്പര്യം അനുസരിച്ചുള്ള നേതൃത്വം നിലവിൽ വരുന്നു.

സി.പി.ഐ.(എം)ൽ ഉൾപാർട്ടി ജനാധിപത്യത്തിന് സ്ഥാനമില്ലെന്ന് ഒരു ധാരണയുണ്ട്. പക്ഷേ, അത് വെറും തെറ്റി ദ്ധാരണയാണെന്ന് വീണ്ടും തെളിഞ്ഞിരിക്കുന്നു. പ്രത്യേയ ശാസ്ത്ര പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ പാർട്ടി വേദി കളിൽ ചർച്ചചെയ്യുന്നതിന് സി.പി.ഐ.(എം.) അനുവദിക്കുന്നു. പക്ഷേ, പൊതുവേദികളിലേയ്ക്ക് സംഘടനാ പ്രശ്നങ്ങൾ വലിച്ചിഴക്കുന്നത് അനുവദിക്കാറുമില്ല.

സുർജിത്തും ജ്യോതിബസുവും പാർട്ടി നേതൃത്വത്തിൽ നിന്നും വിരമിക്കാൻ സ്വയം തീരുമാനിച്ചത് അഭിനന്ദനീയമാണ്. കോൺഗ്രസ് ഉൾപ്പെടെയുള്ള മറ്റു രാഷ്ട്രീയ കക്ഷികൾ ഇത്തരം ഒരു നടപടി അസംഭവ്യമാണ്. കൊച്ചു മക്കളുടെ മക്കൾക്ക് മുത്തശ്ശി കഥകൾ പറഞ്ഞുകൊടുത്തുകൊണ്ട് വീട്ടിലിരിക്കേണ്ട മൃതദേഹങ്ങൾ അരങ്ങിൽ അഴിഞ്ഞാടുന്ന പശ്ചാത്തലത്തിൽ ആണ് സി.പി.ഐ.(എം.) നേതാക്കളുടെ വിരമിക്കലിന് തിളക്കം ഏറുന്നത്.

അച്ചടക്കത്തിന്റെ കാര്യത്തിൽ സി.പി.ഐ.(എം) പലപ്പോഴും അതിരുകടക്കാറുണ്ട് എന്നത് ഒരു വസ്തുതയാണ്. എങ്കിലും കോൺഗ്രസിലെ സ്ഥിതിവച്ചു നോക്കുമ്പോൾ ഇത് അത്ര വലിയ കുറ്റമാണെന്ന് പറയാനാവില്ല. സി.പി.ഐ.(എം.)മുമായി കൈകോർക്കാൻ തയ്യാറെടുത്തു നിൽക്കുന്ന പിതാവും പുത്രനും അച്ചടക്കത്തിന്റെ ആദ്യാക്ഷരങ്ങൾ എങ്കിലും പഠിച്ചിരുന്നെങ്കിൽ നന്നായിരുന്നു.

ആത്മീയതയുടെ നിറകുടങ്ങളായി പരിലസിക്കുന്ന പെന്തക്കോസ്ത് നേതാക്കൻമാർക്കും സി.പി.ഐ.(എം.) നേതാക്കളുടെ മാതൃക പിൻതുടരാം. കസേരയിലിരുന്നേ ചാകൂ എന്ന് ശഠിക്കുന്നത് ഒഴിവാക്കി മാതൃക കാണിക്കാം.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ഗൾഫ് രാജ്യങ്ങൾ: 800 രൂപ

അമേരിക്ക: 30 ഡോളർ

വിലാസം:

എഡിറ്റർ, ദി ഡിഫെൻഡർ,

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

ഒടുവിൽ പുലി വന്നു. അതായത് കോൺഗ്രസ് ഹൈക്കമാന്റിന് ധൈര്യമുണ്ടായി. കെ. മുരളീധരൻ ആറു വർഷത്തേക്ക് പുറത്ത്. ഇനിയെന്ത്? അത് കാത്തിരുന്നു കാണാം.

കോൺഗ്രസിൽ സംഘടനാ തെരഞ്ഞെടുപ്പിനുള്ള തീയതികളും മറ്റും പ്രഖ്യാപിച്ചു കഴിഞ്ഞെങ്കിലും അത് ഇപ്പോഴും ഏട്ടിലെ പശുവായി അവശേഷിക്കുന്നു. റിട്ടേണിംങ്ങ് ഓഫീസർമാരെ ഇറക്കുമതി ചെയ്യാനുള്ള തീരുമാനം ഇതുവരെ നടപ്പിലാക്കിയിട്ടില്ല. നടപ്പിലാകുമോയെന്നും ഉറപ്പിച്ചു പറയാനാവില്ല. എന്തിനേറെ പറയുന്നു, സംഘടനാ തെരഞ്ഞെടുപ്പു തന്നെ നടക്കുമോയെന്ന് കണ്ടറിയണം.

അച്ചടക്കം ലംഘിക്കുന്നവർക്കെതിരെ നടപടിയെടുത്താൽ കേരളത്തിലെ കോൺഗ്രസിന്റെ സ്ഥിതി പരമ ദയനീയമാകുമെന്നത്രേ എ.കെ. ആന്റണിയുടെ കണ്ടുപിടുത്തം. ബംഗാളിലെ കോൺഗ്രസിനുണ്ടായ ദുർഗ്ഗതി കേരളത്തിലെ കോൺഗ്രസിനും ഉണ്ടാകുമെന്നാണ് അദ്ദേഹത്തിന്റെ പ്രവചനം. പക്ഷേ, അച്ചടക്ക നടപടിയെടുത്തില്ലെങ്കിൽ കേരളത്തിലെ കോൺഗ്രസ് യാദവ കുലം പോലെ തമ്മിലടിച്ചു മുടിയുമെന്ന വസ്തുത ദീർഘ ദർശനം ചെയ്യാൻ ആന്റണിക്ക് കഴിയുന്നതുമില്ല.

''മാറാത്ത രോഗത്തിന് കിട്ടാത്ത മരുന്ന്'' എന്നു പറഞ്ഞതുപോലെയാണ് ഐ ഗ്രൂപ്പിന്റെ ഡിമാന്റുകൾ. സംഘടനാ തെരഞ്ഞെടുപ്പ് നടന്നാൽ ഐഗ്രൂപ്പിന് ഭൂരിപക്ഷം കിട്ടുമെന്നായിരുന്നു അടുത്തകാലം വരെ അവകാശപ്പെട്ടിരുന്നത്. സംഘടനാ തെരഞ്ഞെടുപ്പ് ഒരിക്കലും നടക്കില്ല എന്ന പ്രതീക്ഷയിൽ ആയിരുന്നു ഇങ്ങനെ പറഞ്ഞത്. തെരഞ്ഞെടുപ്പ് നടത്തിയേ മതിയാകൂ എന്ന് ശഠിച്ചതും ഈ കാരണത്താലത്രേ. പക്ഷേ, സകല പ്രതീക്ഷകളും തകർത്തു കൊണ്ട് സംഘടനാ തെരഞ്ഞെടുപ്പിനുള്ള തീയതികൾ പ്രഖ്യാപിക്കപ്പെട്ടു. ഇനി രക്ഷപ്പെടാനെന്താണു വഴി. വളരെ ആലോചിച്ച് രണ്ട് ഡിമാന്റുകൾ കണ്ടുപിടിച്ചു. അച്ചടക്ക നടപടികൾ പിൻവലിക്കുക, കെ.പി.സി.സി.യെ മരവിപ്പിക്കുക എന്നിവയാണവ. ഈ ഡിമാന്റുകൾ അംഗീകരിക്കാൻ ഹൈക്കമാന്റിന് കഴിയുകയില്ലായെന്ന് വ്യക്തമാണല്ലോ. ഡിമാന്റുകൾ അംഗീകരിക്കപ്പെടാതെ വരുന്നതോടെ ഐ ഗ്രൂപ്പിന് തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കാം. തോൽവി ഒഴിവാക്കാം. പുതിയ ഒരു രാഷ്ട്രീയ പാർട്ടി ഉണ്ടാക്കുകയും ചെയ്യാം. ഇന്ദിര, കോൺഗ്രസ് എന്നീ രണ്ടു വാക്കുകൾ പുതിയ പാർട്ടിയുടെ പേരിൽ ഉണ്ടായാൽ മതിയാകും. ത്രിവർണ്ണ പതാകയിൽ ഇന്ദിരയുടെ മുഖം കൂടി ഫിറ്റു ചെയ്താൽ സംഗതി ഉഗ്രനാകും. പൊതുജനം എന്ന കഴുതയ്ക്ക് ഇത്രയുമൊക്കെ മതിയല്ലോ?

വാറ്റ് പിൻവലിക്കുന്നതുവരെ സമരം തുടരും എന്ന് പ്രഖ്യപിച്ചു കൊണ്ട് നിരാഹാരം ആരംഭിച്ച രണ്ട് സംഘടനകളും നിരാഹാരം പിൻവലിച്ചിരിക്കുന്നു. സർക്കാർ എന്തൊക്കയോ ഉറപ്പുകൾ കൊടുത്തെന്നും അതുകൊണ്ട് സമരം പിൻവലിക്കുന്നു എന്നും വ്യാപാരികൾ പറയുന്നു. പക്ഷേ, വ്യാപാരികൾക്ക് ഈ സമരത്തിലൂടെ എന്തെങ്കിലും നേട്ടം ഉണ്ടായിട്ടുള്ളതായി എടുത്തു പറയാനില്ലതാനും. ജയിച്ചത് വ്യാപാരികളല്ല സർക്കരാണെന്നും ചുരുക്കും.

തൊണ്ടിയായി പിടിച്ച മയക്കുമരുന്ന് പ്രതികൾ അഴുക്കുചാലിൽ ഒഴുക്കിയത്രേ. പ്രതികൾക്ക് എടുക്കാവുന്ന സ്ഥലത്ത് തൊണ്ടി സൂക്ഷിച്ചതാരെന്നേ ഇനി അറിയാനുള്ളൂ. തൊണ്ടി നഷ്ടമായെങ്കിലും പ്രതിയെ ബലാൽസംഗം ചെയ്തുകൊണ്ട് കേരളാ പോലീസ് ധീരത കാട്ടിയിരിക്കുന്നു. ബലേ, ഭേഷ് എന്നല്ലാതെ, എന്തു പറയാൻ!

ചോദ്യക്കടലാസ് ചോർത്തിയവരെ തൊണ്ടിസഹിതം പിടിക്കാൻ കഴിഞ്ഞതിൽ സർക്കാരിന് അഭിമാനിക്കാം. പക്ഷേ, കുറ്റവാളികളെ ഇത്ര പെട്ടെന്ന് പിടികൂടിയതിന് ദുഃഖിക്കുന്നവരുമുണ്ട് എന്നതാണ് സത്യം. സർക്കാരിനെ തല്ലാൻ ഒരു വടി നഷ്ടമായതിൽ പ്രതിപക്ഷത്തിന് ദുഃഖമുണ്ടാവുക സ്വാഭാവികം. എന്നാൽ പ്രതികളെ പിടിച്ചതിൽ ഏറ്റവും അധികം ദുഃഖിച്ചത് ഐ ഗ്രൂപ്പുകാരാണ് എന്നതാണ് വസ്തുത. ചോദ്യക്കടലാസ് ചോർച്ചയുടെ പേരിൽ ഉമ്മൻചാണ്ടിയെ ചീത്ത വിളിച്ച് കൊതി തീരുന്നതിനു മുമ്പ് പ്രതികൾ പിടിയിലായിരിക്കുന്നു. ചോർച്ചക്കഥ പറഞ്ഞ് ഇനി ചീത്ത വിളിക്കുന്നതെങ്ങനെ?

ഏപ്രിൽ, മെയ് മാസങ്ങൾ മദ്ധ്യവേനൽ അവധിയുടെ കാലമാണ്. അടുത്തകാലം വരെ ഈ രണ്ടു മാസങ്ങൾ കുട്ടികൾക്ക് സർവ്വതന്ത്രസ്വതന്ത്രമായി അടിച്ചുപൊളിക്കാനുള്ള കാലമായിരുന്നു. പക്ഷേ, ഇന്ന് അതല്ലാ സ്ഥിതി. വിവിധ രൂപത്തിലും ഭാവത്തിലുമുള്ള ക്ലാസ്സുകൾ കൊണ്ട് നിറഞ്ഞതാണ് അവധിക്കാലം. നേരെ ചൊവ്വെ ശ്വാസം വിടാൻ പോലും കുട്ടികൾക്ക് സമയം കിട്ടാറില്ല. വാസ്തവത്തിൽ നാം കുട്ടികളെ സഹായിക്കയല്ല, ദ്രോഹിക്കയാണ് ചെയ്യുന്നത്. കുട്ടികളുടെ സന്തോഷം കവർന്നെടുക്കുകയാണ്. ഇത് അക്ഷന്തവ്യമായ അപരാധമാണ്.

ഭൂരിപക്ഷം കുട്ടികളും അവധിക്കാലം ആഘോഷിക്കുമ്പോൾ എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾ പതിവിനു വിപരീതമായി ഉറക്കമിളച്ചിരുന്ന് പഠിക്കുകയാണ്. ഇങ്ങനെയൊരു ദുർവിധി അടുത്തകാലത്തൊന്നും ഉണ്ടായിട്ടില്ല. ഫലപ്രഖ്യാപനം യഥാസമയത്ത് ഉണ്ടാകുമെന്ന് മന്ത്രി പറയുന്നുണ്ടെങ്കിലും അത് നടപ്പിലാകുമോയെന്ന് സംശയമാണ്. നാലാഴ്ച കൊണ്ട് മൂല്യനിർണ്ണയം പൂർത്തിയാക്കി ഫലപ്രഖ്യാപനം നടത്തുന്നതെങ്ങനെ?

വണ്ടിയുടെ ഗ്ലാസ് തല്ലിപ്പൊളിക്കേണ്ട

താക്കോൽ ഉള്ളിൽ വച്ച് നിങ്ങളുടെ വാഹനം പൂട്ടിപ്പോയി. എങ്ങനെ അത് തുറക്കും? വിവരം പെരുമ്പാവൂരിലെ ചാവിക്കടയിൽ അറിയിച്ചാൽ, (വാഹനം നിങ്ങളുടേതാണെന്ന് ബോദ്ധ്യപ്പെടുത്തിയാൽ), രണ്ടു മിനിറ്റു കൊണ്ട് കാര്യം സാധിക്കാം

ചാവിക്കട

ഫെഡറൽ ബാങ്കിന് എതിർവശം

പെരുമ്പാവൂർ

ഫോൺ: 9447149309

സമയം: 9 AM to 9 PM.

ഞായറാഴ്ചയും പ്രവർത്തിക്കും

നിങ്ങൾക്കും ഒരു ഓഫ്സെറ്റ് പ്രസ്സ് വാങ്ങാം

പ്രിന്റിംഗ് - പബ്ലീഷിംഗ് രംഗത്ത് താല്പര്യമുള്ള വ്യക്തിയാണോ നിങ്ങൾ? എങ്കിൽ നിങ്ങൾക്കും ഒരു പ്രസ്സ് വാങ്ങാം.

മിനി ഓഫ്സെറ്റ് മുതൽ ഫോർ-കളർ മെഷീനും വെബും വരെയുള്ള എല്ലാവിധ ഓഫ്സെറ്റ് പ്രസ്സുകളും വാങ്ങാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 94474 14608

# അടുത്ത മാർപാപ്പാ ആര്?

ജോൺ പോൾ രണ്ടാമൻ അധികാരമേറ്റിട്ട് ഇരുപത്തഞ്ച് വർഷമായപ്പോൾ മാർപാപ്പാ അധികാരമൊഴിയും എന്ന് കരുതിയിരുന്നെ ങ്കിലും അതുണ്ടായില്ല. എങ്കിലും അടുത്ത മാർപാപ്പാ ആരായിരിക്കും എന്നതിനെ സംബന്ധിച്ച് നിരവധി അഭ്യൂഹങ്ങൾ അന്നുമുതൽ പരന്നിരുന്നു. എന്നാൽ മാർപാപ്പാ മരിച്ചതോടെ പുതിയ മാർപാപ്പായെ കണ്ടെത്തേണ്ടത് തികച്ചും ആവശ്യമായി വന്നിരിക്കുന്നു.

മാർപാപ്പാ സ്ഥാനാർത്ഥികളിൽ പ്രധാനിയാണ് കർദ്ദിനാൾ റാറ്റ്സിംഗർ. ഇപ്പോൾ ഇദ്ദേഹം വത്തിക്കാനിലെ "ഡോക്ട്രിൻ ഓഫ് ഫെയ്ത്ത്" കോൺഗ്രിഗേഷന്റെ തലവനാണ്.



കർദ്ദിനാൾ റാറ്റ്സിംഗർ

കറുത്ത വർഗ്ഗക്കാരനായ കർദ്ദിനാൾ ബെർനാർഡ്രിൻ ഗാന്റിൽ ഉൾപ്പെടെ പല പേരുകളും പറഞ്ഞു കേൾക്കുന്നുണ്ട്. ഇവരിൽ പ്രമുഖർ കർദ്ദിനാൾ ക്രിസ്റ്റോഫ് സ്ക്കോൺബോൺ, കർദ്ദിനാൾ ജീൻ മാരി ലുസ്റ്റിഗർ, കർദ്ദിനാൾ ജോസഫ് റാറ്റ്സിംഗർ, കർദ്ദിനാൾ കാമില്ലോ റൂയ്നി, കർദ്ദിനാൾ പിയോ ലാഹ്ലി തുടങ്ങിയവരാണ്. എങ്കിലും കർദ്ദിനാൾ ജോസഫ് റാറ്റ്സിംറിനു തന്നെയാണ് മുൻതൂക്കം.

തികഞ്ഞ യാഥാസ്ഥിതികനാണ് കർദ്ദിനാൾ ജോസഫ് റാറ്റ്സിംഗർ. കത്തോലിക്കാ വിശ്വാസപ്രമാണങ്ങളുടെ കാവൽഭടൻ എന്ന നിലയിൽ അദ്ദേഹം സ്തുത്യർഹമാണ് സേവനമാണ് കാഴ്ച വെച്ചിട്ടുള്ളത്. കത്തോലിക്കാ വിശ്വാസത്തിനെതിരായി ഉയരുന്ന എല്ലാ ശബ്ദങ്ങളെയും അദ്ദേഹം അടിച്ചമർത്തും. അതുകൊണ്ടുതന്നെ അദ്ദേഹത്തെ ലിബറൽ ദൈവശാസ്ത്രജ്ഞർക്ക് ഇഷ്ടമല്ല. എങ്കിലും ജോൺ പോൾ രണ്ടാമന്റെ ഉറ്റ ചങ്ങാതിയാണ് കർദ്ദിനാൾ ജോസഫ് റാറ്റ്സിംഗർ.

കുറച്ചുകാലമായി മാർപാപ്പാ പാർക്കിൻസൺ രോഗത്തിന്റെ പിടിയിലായിരുന്നു. കൂടാതെ പലപ്പോഴായി വിദഗ്ദ്ധ ചികിത്സ ആവശ്യമായ രോഗങ്ങളും ഇതര പ്രശ്നങ്ങളും അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ടതായി വന്നിട്ടുമുണ്ട്. കാൻസർ, വെടിയുണ്ട, അപ്പെൻഡിക്സ്, തോളെല്ലിലും തുടയെല്ലിലും ഉണ്ടായ പൊട്ടലുകൾ എന്നിവയാണ് ഇവയിൽ പ്രധാനം. കൂടാതെ, ചെറുപ്പകാലത്തുണ്ടായ രണ്ട് വാഹന അപകടങ്ങളുടെ അനന്തരഫലവും അദ്ദേഹത്തിന് അനുഭവിക്കേണ്ടതായി വന്നു.

ഏതു കത്തോലിക്കനും മാർപാപ്പാ ആകാം. പുരോഹിതർ പോലുമല്ലാത്ത വ്യക്തികൾ വരെ മാർപാപ്പാ ആയ ചരിത്രമുണ്ട്. പക്ഷേ, വളരെക്കാലമായി കർദ്ദിനാളൻമാർ മാത്രമാണ് മാർപാപ്പാ ആയി തെരഞ്ഞെടുക്കപ്പെടുന്നത്. കൗമാരപ്രായം കഴിയും മുൻപെ മാർപാപ്പാ ആയവർ പോലും ഉണ്ടെങ്കിലും അടുത്ത കാലത്തൊന്നും ചെറുപ്പക്കാരെ മാർപാപ്പാ ആയി തെരഞ്ഞെടുത്തിട്ടില്ല. ഒരിക്കൽ ജോവാൻ എന്നൊരു സ്ത്രീ മാർപാപ്പാ ആയതായി പറയപ്പെടുന്നു. അതുകൊണ്ട് ഒരു പുരുഷനെയാണ് മാർപാപ്പാ ആയി തെരഞ്ഞെടുക്കുന്നത് എന്ന് ഇപ്പോൾ ഉറപ്പാക്കാറുമുണ്ട്.

മാർപാപ്പാ അടുത്ത കാലത്ത് 31 പുതിയ കർദ്ദിനാളൻമാരെ നിയമി ക്കയുണ്ടായി. എങ്കിലും 30 കർദ്ദിനാളുമാരുടെ പേരുകൾ മാത്രമേ പ്രഖ്യാപിച്ചിട്ടുള്ളു. ഒരാളുടെ പേര് രഹസ്യമാക്കി വെച്ചിരിക്കയാണ്. ഇന്ത്യയിൽ നിന്ന്, റാഞ്ചി ആർച്ച് ബിഷപ്പായ ഡോ.ടെലസ്ഫോർടോപ്പോയും കർദ്ദിനാൾ ആയി. ഇതോടെ കത്തോലിക്കാ സഭയിലെ കർദ്ദിനാളൻമാരുടെ എണ്ണം 195 ആയി.



ജോൺ പോൾ രണ്ടാമൻ
ശിശുവായിരുന്നപ്പോൾ

മാർപാപ്പായെ തെരഞ്ഞെടുക്കുന്നത് കർദ്ദിനാളൻമാരുടെ സംഘമാണ്. പക്ഷേ, 80 വയസ്സ് തികഞ്ഞ കർദ്ദിനാളൻമാർക്ക് മാർപാപ്പയെ തെരഞ്ഞെടുക്കുന്ന കോൺക്ലേവിൽ പ്രവേശനമില്ല. സാധാരണ ഗതിയിൽ 120 കർദ്ദിനാളൻമാരെ മാത്രമേ കോൺക്ലേവിൽ പങ്കെടുക്കാൻ അനുവദിക്കാറുള്ളു. പുതിയ ലിസ്റ്റ് പ്രഖ്യാപിക്കുന്നതിനു മുൻപ് 164 കർദ്ദിനാളൻമാരാണ് ഉണ്ടായിരുന്നത്. പക്ഷേ, ഇവരിൽ 109 പേർ മാത്രമേ എൺപത് തികയാത്തവരായി ഉണ്ടായിരുന്നുള്ളു. ഈ സംഖ്യ ഇപ്പോൾ 117 ആണ്. മതസ്വാതന്ത്ര്യമില്ലാത്ത രാജ്യത്തുനിന്നുള്ളവരെ കർദ്ദിനാളാക്കുമ്പോഴാണ് പേര് രഹസ്യമാക്കി വെയ്ക്കുന്നത്. ഇതിന് ലാറ്റിനിൽ "in pectore" എന്നാണ് പറയുന്നത്.

പുതിയ കർദ്ദിനാളൻമാരിൽ അഞ്ചു പേർ അറുപതിൽ താഴെ പ്രായമുള്ളവരാണ്. 13 പേർ അറുപതിനും എഴുപതിനും ഇടയിൽ പ്രായമുള്ളവരുമാണ്.

മാർപാപ്പാ ആയി ജോൺ പോൾ രണ്ടാമൻ തെരഞ്ഞെടുക്കപ്പെട്ടത് 1978 ഒക്ടോബർ 16ന് ആയിരുന്നു. ഇറ്റലിക്കാരൻ അല്ലാത്ത ഒരാൾ മാർപാപ്പാ ആയിട്ട് 455 വർഷം കഴിഞ്ഞിരുന്ന സമയമായിരുന്നു അത്. ഇപ്പോൾ നിയമിതരായിരിക്കുന്ന കർദ്ദിനാളൻമാരിൽ ആറുപേർ മാത്രമാണ് ഇറ്റലിക്കാർ. അതുകൊണ്ട് അടുത്ത മാർപാപ്പായും ഇറ്റലിക്ക് പുറത്തുള്ള ആളാകാൻ സാദ്ധ്യതയുണ്ട്. ജോൺ പോൾ രണ്ടാമന്റെ 25 വർഷത്തെ ഭരണത്തിനിടയിൽ ഒൻപത് തവണ കർദ്ദിനാളൻമാരെ വാഴിക്കുകയുണ്ടായി.



കത്തോലിക്കാ സഭയിലെ രാജകുമാരൻമാരായാണ് കർദ്ദിനാളൻമാരെ പരിഗണിക്കുന്ന്. എങ്കിലും യേശുക്രിസ്തുവിന്റെയോ ശിഷ്യൻമാരുടെയോ കാലത്ത് കർദ്ദിനാൾ എന്നൊരു പദവി ഇല്ലായിരുന്നു. ഇന്ന് സഭയിൽ കാണുന്ന വിധത്തിലുള്ള പൗരോഹിത്യവും അക്കാലത്ത് ഇല്ലായിരുന്നു. എല്ലാ ക്രിസ്ത്യാനിയും പുരോഹിതനായിരുന്നു. അപ്പൊസ്തലൻ, പ്രവാചകൻ, സുവിശേഷകൻ, ഇടയൻ, വേദാദ്ധ്യാപകൻ എന്നിങ്ങനെ അഞ്ചു തരത്തിലുള്ള ശുശ്രൂഷകൻമാരാണ് സഭയിൽ ഉണ്ടായിരുന്നത്. ഒരു പ്രദേശത്തുള്ള ക്രിസ്ത്യാനികളെല്ലാം ഒന്നിച്ചു ചേർന്ന് ദൈവത്തെ ആരാധിച്ചിരുന്നു. കൊരിന്തിലെ സഭ, യെരൂശലേമിലെ സഭ, റോമിലെ സഭ എന്നിങ്ങനെ സ്ഥലങ്ങളുമായി ബന്ധപ്പെട്ട് ഈ സഭകൾ അറിയപ്പെട്ടിരുന്നു.

എ.ഡി. അഞ്ചാം നൂറ്റാണ്ടിന്റെ അവസാനം ആയപ്പോഴേക്കും റോമിലെ പ്രാദേശിക സഭകളുടെ തലവൻമാർ കർദ്ദിനാൾ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. അക്കാലത്ത് റോമിനെ ഭരണസൗകര്യത്തിനായി ഏഴു റീജിയനുകളായി വിഭജിച്ചിരുന്നു. ഓരോ റീജിയന്റേയും തലവനായ ഡീക്കൻമാരെയും കർദ്ദിനാൾ എന്നു വിളിച്ചിരുന്നു. പിന്നീട് റോമിന് സമീപമുള്ള രൂപതകളുടെ തലവൻമാരേയും കർദ്ദിനാൾ എന്ന് വിളിക്കാൻ തുടങ്ങി. അങ്ങനെ കർദ്ദിനാൾ ബിഷപ്പ്, കർദ്ദിനാൾ ഡീക്കൻ, കർദ്ദിനാൾ വൈദികൻ എന്നിങ്ങനെ മൂന്നുതരം കർദ്ദിനാൾമാർ ഉണ്ടായി.

പിൽക്കാലത്ത് ലോകമെമ്പാടുമുള്ള പ്രധാന മെത്രാൻമാർക്കും കർദ്ദിനാൾ പദവി ലഭിക്കാൻ തുടങ്ങി. ഇവർക്ക് റോമിലെ ഏതെങ്കിലും രൂപതയിലെ മെത്രാൻ പദവിയോ പള്ളികളിലെ വൈദിക പദവിയോ നൽകുകയും ചെയ്യും.

റോമിലെ ജനങ്ങളാണ് റോമിലെ ബിഷപ്പായ മാർപ്പാപ്പായെ തിരഞ്ഞെടുത്തിരുന്നത്. പണവും മദ്യവും നൽകി ജനത്തെ പാട്ടിലാക്കാൻ കഴിവുള്ള ആർക്കും മാർപാപ്പാ ആകാമെന്ന നിലയായിരുന്നു അക്കാലത്തുണ്ടായിരുന്നത്. എ.ഡി.1058ൽ അധികാരമേറ്റ ബനഡിക്ട് പത്താമൻ മാർപാപ്പാ ആയത് ഇപ്രകാരമായിരുന്നു. പക്ഷേ ഏറെക്കാലം മാർപ്പാപ്പാ ആയി തുടരാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഫ്ലോറൻസിലെ മെത്രാനായിരുന്ന ജരാർദ്ദിനെ ജനം മാർപാപ്പായായി തെരഞ്ഞെടുത്തു. നിക്കോളാസ് രണ്ടാമൻ എന്ന പേരിൽ അദ്ദേഹം സ്ഥാനമേറ്റു.

തന്റെ പതിനെട്ടു മാസത്തെ ഭരണകാലത്ത് അദ്ദേഹം പല ഭരണപരിഷ്ക്കാരങ്ങളും വരുത്തി. മാർപാപ്പായുടെ തെരഞ്ഞെടുപ്പ് എങ്ങനെ നടത്തണം എന്ന് അദ്ദേഹം നിർദ്ദേശിച്ചു. പ്രധാനപ്പെട്ട 113 മെത്രാൻമാരെ അദ്ദേഹം റോമിൽ വിളിച്ചുവരുത്തിയാണ് ഈ ചട്ടങ്ങൾക്ക് രൂപം കൊടുത്തത്. മാർപാപ്പായുടെ തെരഞ്ഞെടുപ്പ് റോമിൽ വച്ചു തന്നെ നടത്തണമെന്നും തികച്ചും ഒഴിവാക്കാനാവാത്ത സന്ദർഭത്തിൽ മാത്രമേ ഇതിന് മാറ്റം വരുത്താൻ പാടുള്ളു എന്നും അദ്ദേഹം നിർദ്ദേശിച്ചു. റോമാ രൂപതയിൽപ്പെട്ട ആരേയും ലഭിച്ചില്ലെങ്കിൽ മാത്രമേ പുറത്തുനിന്നുള്ള വ്യക്തികളെ മാർപാപ്പാ സ്ഥാനത്തേക്ക് പരിഗണിക്കാവൂ. കർദ്ദിനാൾ ബിഷപ്പുമാർ വേണം തെരഞ്ഞെടുപ്പിന് നേതൃത്വം നൽകുവാൻ. അവർ നാമനിർദ്ദേശം ചെയ്യുകയും മറ്റ് കർദ്ദിനാൾമാർ വോട്ട് ചെയ്യുകയും വേണം. ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയെ മാർപാപ്പായായി അംഗീകരിക്കുക എന്ന നാമമാത്രമായ അധികാരം മാത്രമേ മറ്റ് വൈദികർക്കും റോമിലെ ജനങ്ങൾക്കും ഉണ്ടായിരിക്കൂ. ഈ ചട്ടമാണ് ഇപ്പോഴും നിലനിൽക്കുന്നത്.



എൺപത് വയസ്സ് തികയാത്ത കർദ്ദിനാളൻമാർ അടങ്ങുന്ന സംഘമാണ് ഇപ്പോൾ പുതിയ പോപ്പിനെ തെരഞ്ഞെടുക്കുന്നത്. മാർപാപ്പാ ആകാൻ യോഗ്യനായ കർദ്ദിനാളിന്റെ പേര് കടലാസ്സിൽ എഴുതിയാണ് വോട്ടുചെയ്യുന്നത്. "മൂന്നിൽ രണ്ട് അധികം ഒന്ന്" എന്നതാണ് ജയിക്കാൻ ആവശ്യമായ വോട്ടിന്റെ എണ്ണം. ജയിക്കാൻ ആവശ്യമായ വോട്ട് ആദ്യത്തെ വോട്ടെടുപ്പിൽ ആർക്കും കിട്ടിയില്ലെന്ന് വരാം. അപ്പോൾ ഈ കടലാസ്സ്, കറുത്ത പുക ഉണ്ടാക്കാൻ കഴിയുന്ന രാസപദാർത്ഥത്തോടൊപ്പം കത്തിക്കും. ജയിക്കാൻ ആവശ്യമായ വോട്ട് ഒരാൾക്ക് കിട്ടുന്നതുവരെ ഈ പ്രക്രിയ തുടരും. പുതിയ മാർപാപ്പായെ കാണാൻ കാത്തുനിൽക്കുന്നവർക്ക് ചിമ്മിനിയിലൂടെ പുറത്തുവരുന്ന കറുത്ത പുക "തെരഞ്ഞെടുപ്പ് നടന്നിട്ടില്ല" എന്നതിന്റെ അടയാളമാണ്. തെരഞ്ഞെടുപ്പ് നടന്നാൽ വെള്ളപ്പുകയാകും ഉയരുക.



മാർപാപ്പായുടെ
ഒരു പഴയ ചിത്രം

തെരഞ്ഞെടുപ്പ് നടന്നു കഴിഞ്ഞാൽ ഏതു പേരിലാണ് താൻ അറിയപ്പെടേണ്ടത് എന്ന് പുതിയ മാർപാപ്പാ അറിയിക്കും. മാർപാപ്പാ ആകുന്നതോടെ പുതിയ പേര് സ്വീകരിക്കുക എന്നത് പരമ്പര്യമായി തുടർന്നു വരുന്ന പതിവാണ്. അതിനു ശേഷം അദ്ദേഹത്തെ പൊതുജനത്തിന്റെ മുൻപിൽ പ്രദർശിപ്പിച്ച് "നമുക്ക് ഒരു മാർപാപ്പാ ഉണ്ടായിരിക്കുന്നു" എന്ന് പ്രഖ്യാപിക്കും. പുതിയ മാർപാപ്പാ ജനത്തെ ആശീർവദിക്കുന്നതോടെ ചടങ്ങ് അവസാനിക്കും.

# വഴി കാട്ടുന്ന അന്ധന്മാർ

കുരുടൻ കുരുടനെ വഴി കാട്ടിയാൽ രണ്ടുപേരും കുഴിയിൽ വീഴും. പെന്തക്കോസ്തിലെ സ്ഥിതി ഇപ്പോൾ ഇതാണ്. ആത്മീയ അന്ധത ബാധിച്ച നേതാക്കന്മാർ അജ്ഞതയുടെ തിമിരം ബാധിച്ച വിശ്വാസികളെ വഴി നടത്തുന്നു.

പെന്തക്കോസ്തിലെ ആദികാല നേതാക്കന്മാർക്ക് കാഴ്ചയുണ്ടായിരുന്നു. കാഴ്ചപ്പാടുമുണ്ടായിരുന്നു. ദൈവം ശില്പിയായി നിർമ്മിച്ച ആ മനോഹര നഗരമായിരുന്നു അവരുടെ ലക്ഷ്യം. ദു:ഖത്തിന്റെ പാനപാത്രം കൈയ്യിലേന്തി ഈ സിയോൻ സഞ്ചാരികൾ യാത്ര ചെയ്തിരുന്നു. ഉപദേശ വിശുദ്ധിയും ജീവിത വിശുദ്ധിയും അവർ കാത്തുസൂക്ഷിച്ചിരുന്നു. തിരുവചന സത്യങ്ങളുടെ സംരക്ഷണത്തിനായി പോരാടുവാൻ അവർ സദാ സന്നദ്ധരുമായിരുന്നു.

ആത്മീയ തീക്ഷണത മൂലം കുറെ അബദ്ധങ്ങൾ പറ്റിയെന്നു പറയാതെ വയ്യ. മരുന്നു കഴിക്കുന്നത് പാപമാണെന്ന പഠിപ്പിക്കൽ തന്നെ നല്ല ഉദാഹരണം. ഇത്തരത്തിലുള്ള ചില അബദ്ധ സിദ്ധാന്തങ്ങൾ അവർ പ്രചരിപ്പിച്ചിട്ടുണ്ടെങ്കിലും അക്കാലത്തെ നേതാക്കന്മാരുടെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യാനാവില്ല.

പെന്തക്കോസ്ത് ഉപദേശങ്ങളുടെ പ്രചരണത്തിനായി നിരവധി ഗ്രന്ഥങ്ങൾ അക്കാലത്ത് രചിക്കപ്പെട്ടു. അവയിൽ ഭൂരിപക്ഷവും ഇന്നും പ്രസക്തമാണ്. ദുരുപദേശങ്ങൾക്ക് എതിരെ പോരാടുകയെന്നത് തങ്ങളുടെ ശുശ്രൂഷയുടെ ഭാഗമായി അക്കാലത്തെ പെന്തക്കോസ്തു നേതാക്കന്മാർ പരിഗണിക്കയും ചെയ്തു. ഈ ഉദ്ദേശ്യത്തോടു കൂടെ ചില മാസികകളും ഇവർ പ്രസിദ്ധീകരിച്ചിരുന്നു. ദൈവജനത്തെ ശരിയായ വഴിയിൽ നയിക്കുന്നതിന് ഇത്തരം പ്രസിദ്ധീകരണങ്ങൾ ഏറെ സഹായകമായി.

എന്നാൽ ഇന്നത്തെ സ്ഥിതിയെന്ത്? തികച്ചും നിഷ്പക്ഷമായി വിലയിരുത്തി നോക്കൂ. ഡിഫെൻഡർ ഒഴികെ ഏതെങ്കിലും പത്രമോ മാസികയോ വിശ്വാസ സംരക്ഷണത്തിനായി പോരാടുന്നുണ്ടോ? ഏതെങ്കിലും പെന്തക്കോസ്തു നേതാവ് വിശ്വാസ സംരക്ഷണത്തിനായി എന്തെങ്കിലും ചെയ്യുന്നുണ്ടോ? കഴിഞ്ഞ അഞ്ചുവർഷത്തെ ചരിത്രം ഉദാഹരണമായി എടുത്തു പരിശോധിക്കുക.

ആത്മീയ ഗ്രന്ഥങ്ങളുടെ ഒരു വേലിയേറ്റം തന്നെ അടുത്ത കാലത്തുണ്ടായി. അവയിൽ എത്രയെണ്ണം നേതാക്കന്മാരുടെ വകയായിട്ടുണ്ട്? പെന്തക്കോസ്തിലെ അറിയപ്പെടുന്ന നേതാക്കളിൽ എത്ര പേർ ഈ കാലയളവിൽ പുസ്തകങ്ങൾ എഴുതി.

പെന്തക്കോസ്തിൽ പത്രങ്ങൾക്കും മാസികകൾക്കും പഞ്ഞമില്ല. എഴുത്തുകാരും വേണ്ടതിൽ അധികമുണ്ട്. പക്ഷേ, പെന്തക്കോസ്തിലെ നേതാക്കന്മാർ എഴുതുകയില്ല. അതിനൊന്നും അവർക്ക് സമയവുമില്ല.

കൺവെൻഷൻ സീസണിൽ നേതാക്കന്മാർ എല്ലാം നാട്ടിലുണ്ടാകും. ഓടിനടന്നു പ്രസംഗിക്കും. ശരിക്കും ഷൈൻ ചെയ്യും. അതിനിടയിൽ സഭാഭരണവും നടത്തും. മഴക്കാലം ആരംഭിക്കുന്നതോടെ പെന്തക്കോസ്ത് നേതാക്കന്മാർ സ്ഥലം വിടും. തുടർന്നുള്ള ആറു മാസം ഇവർ വിദേശത്തായിരിക്കും. “നമുക്കും കിട്ടണം പണം” എന്ന ഏക ലക്ഷ്യമേ ഇവർക്കുള്ളൂ. കിട്ടുന്ന പണമെല്ലാം ഇവർ തങ്ങളുടെ സ്വകാര്യ ട്രസ്റ്റിന്റെ വകയാക്കും. ദൈവമക്കളേയും സർക്കാരിനേയും അതിമനോഹരമായി കബളിപ്പിക്കും.

പെന്തക്കോസ്തിലെ ഭൂരിപക്ഷം നേതാക്കന്മാരും സദാചാരമൂല്യങ്ങൾക്ക് വില കല്പിക്കാറില്ല. ദുർനടപ്പ് അവരുടെ ജീവിതത്തിന്റെ ഭാഗമാണ്. ഇതിനെതിരെ ആരെങ്കിലും പ്രതികരിച്ചാൽ ഇവർ പിശാചുക്കളായി മാറും. എതിർക്കുന്നവന്റെ വായടക്കാൻ ഇവർ എന്തു വഴിയും സ്വീകരിക്കും.

പ്രാദേശിക സഭകളെ സംഘടിപ്പിച്ച് തിരുവചനവിരുദ്ധമായി സംഘടനകൾ കെട്ടിപ്പടുക്കുന്നതിന്റെ പരിണിത ഫലങ്ങളാണിതൊക്കെ. സംഘടനകളെ സഭകളായി ജനം തെറ്റിദ്ധരിച്ചു. സംഘടനകളുടെ നേതാക്കന്മാരെ ദൈവദാസന്മാരായി പരിഗണിച്ചു. അങ്ങനെയാണ് ഈ പ്രശ്നങ്ങളൊക്കെയുണ്ടായത്.

ഈ നേതാ ക്കന്മാർ ദൈവദാസന്മാർ അല്ലെ ന്നും ഈ സംഘടനകൾ ദൈവ സഭയല്ലെന്നും മനസ്സിലാക്കാൻ ദൈവമക്കൾക്ക് കഴിഞ്ഞാൽ പരിഹരിക്കാവുന്ന പ്രശ്നമേ ഇവിടെയുള്ളൂ. പക്ഷേ ആത്മീയ അന്ധത ബാധിച്ച നേതാക്കന്മാർ സത്യവെളിച്ചം കാണുന്നില്ല. സംഘടനാ സ്പിരിറ്റിന്റെ പിടിയിൽ അമർന്ന വിശ്വാസികൾ സത്യം കണ്ടെത്താൻ ശ്രമിക്കുന്നുമില്ല. അങ്ങനെ നേതാക്കന്മാരും വിശ്വാസികളും ഒന്നുപോലെ നാശത്തിലേക്ക് നീങ്ങും.

എന്താണ് ഒരു പോം വഴി? ഉത്തരം ലളിതം. ദൈവജനം ബൈബിളിലേക്ക് മടങ്ങുക. തിരുവെഴുത്ത് എന്തു പറയുന്നു എന്ന് പരിശോധിക്കുക. വചനത്തിൽ ആധാരമല്ലാത്ത എല്ലാ ഉപദേശങ്ങളും തള്ളിക്കളയുക. സംഘടനാ സ്പിരിറ്റ് ഉപേക്ഷിക്കുക. സഭകൾ എന്ന പേരിലറിയപ്പെടുന്ന സംഘടനകൾ ദൈവീകമല്ല എന്ന സത്യം തിരിച്ചറിയുക. ഈ സംഘടനകളുടെ നേതാക്കന്മാർക്ക് ദൈവം കൊടുത്ത അധികാരമില്ലെന്നും മനസ്സിലാക്കുക. ദൈവവേലയ്ക്കുള്ള പണം ഈ കള്ളന്മാരെ ഏല്പിക്കുന്നത് നിർത്തുക. ഇത്രയുമൊക്കെ ചെയ്താൽ പെന്തക്കോസ്തിലെ പ്രശ്നങ്ങളിൽ ഭൂരിപക്ഷത്തിനും പരിഹാരമുണ്ടാകും.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** കെ.പി. യോഹന്നാന്റെ ബിലിവേഴ്സ് ചർച്ചിൽ പുതിയ കുറെ ബിഷപ്പുമാരേക്കൂടി വാഴിച്ചതായി കേട്ടു. ഇതേപ്പറ്റി ഡിഫെൻഡറിന് ഒന്നും പറയാനില്ലേ?

■ ബിലിവേഴ്സ് ചർച്ചിൽ നടക്കുന്ന കാര്യങ്ങൾ സാധാരണയായി പുറംലോകം അറിയാറില്ല. എങ്കിലും ഈയിടെ ചില ബിഷപ്പുമാരേക്കൂടി വാഴിച്ചതായി ഡിഫെൻഡറും കേട്ടു. രണ്ടു വർഷം മുൻപ് കെ.പി. യോഹന്നാൻ ബിഷപ്പായ സംഭവം മറക്കാറായിട്ടില്ല. ബൈബിളിൽ ബിഷപ്പിനെക്കുറിച്ച് എന്തു പറയുന്നുവെന്ന് ഡിഫെൻഡർ എഴുതുകയും ചെയ്തിരുന്നു. അതിന്റെ പ്രസക്ത ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാം.

*ആരാണ് ബൈബിളിലെ ബിഷപ്പ്? 1തിമോ.1:1-7 വായിക്കുക. പ്രാദേശിക സഭയിലെ അദ്ധ്യക്ഷനാണ് ബിഷപ്പ്. അപ്പൊസ്തലൻ, പ്രവാചകൻ, സുവിശേഷകൻ, ഇടയൻ, അദ്ധ്യാപകൻ എന്നിവരാണ് ദൈവസഭയിലെ ശുശ്രൂഷകർ. ഇവരെ കൂടാതെ ഓരോ പ്രാദേശിക സഭയിലും ശുശ്രൂഷക്കാരും മൂപ്പൻമാരും മറ്റും ഉണ്ടാകും. പ്രാദേശിക സഭയിലെ മൂപ്പൻ മാരുടേയും ഇതര ശുശ്രൂഷക്കാരുടേയും നേതാവ് അഥവാ അദ്ധ്യക്ഷൻ ആണ് ബിഷപ്പ് എന്ന ഇടയൻ. ഇദ്ദേഹം സഭയുടെ ഓവർസിയറാണ്.*

*ബിഷപ്പ് എന്ന് ഇംഗ്ലീഷ് ബൈബിളിൽ തർജ്ജമ ചെയ്തിരിക്കുന്ന വാക്ക് ഗ്രീക്കിൽ എപ്പിസ്ക്കോപ്പോസ് (ἐπισκοπῆs) എന്നാണ്. Superimposition എന്ന് അർത്ഥം വരുന്ന ἐπι (epi) എന്ന വാക്കും peer about എന്ന് അർത്ഥമുള്ള σκοπῆs (skopos) എന്ന വാക്കും ചേർന്ന് ഉണ്ടായ episkopeo (oversee) എന്ന വാക്കിൽ നിന്നാണ് episkopos എന്ന വാക്ക് ഉണ്ടായത്. ഈ വാക്കിന് superintendent, overseer എന്നൊക്കെയാണ് അർത്ഥം. ഇത് ചില ഇംഗ്ലീഷ് ബൈബിളുകളിൽ ബിഷപ്പ് എന്ന് തർജ്ജമ ചെയ്തിരിക്കുന്നു. ഓരോ പ്രാദേശിക സഭയുടേയും തലവൻ അഥവാ അദ്ധ്യക്ഷൻ ആണ് ബിഷപ്പ് അഥവാ ഓവർസിയർ.*

*ഓരോ വിശ്വാസിയും പുരോഹിതനാണ് എന്ന് ദൈവവചനം വ്യക്തമാക്കുന്നു. പക്ഷേ, സഭ സംഘടനയായി മാറിയപ്പോൾ ദൈവവചനത്തിൻെറ വേലിക്കെട്ടിൽ നിന്നും സഭാനേതൃത്വം പുറത്തുചാടി. അങ്ങനെയാണ് അച്ചനും ബിഷപ്പും പാത്രിയാർക്കീസും കർദ്ദിനാളും പോപ്പും ഒക്കെ ഉണ്ടായത്. ഇതൊക്കെ തള്ളിപ്പറഞ്ഞുകൊണ്ട് രംഗത്തെത്തിയ പ്രോട്ടസ്റ്റന്റ് പ്രസ്ഥാനം ഏറെ കഴിയുംമുൻപേ അതൊക്കെ തിരികെ എടുത്തു. പൗരോഹിത്യത്തിനെതിരേ ശക്തമായ നിലപാടെടുത്തിരുന്ന പെന്തക്കോസ്തുകാർക്കും ഇപ്പോൾ ഇതൊക്കെ സ്വീകാര്യമായിരിക്കുന്നു. ചരിത്രം ഇവിടെ ആവർത്തിക്കുന്നു.*

*പെന്തക്കോസ്ത് സഭകളിൽ ഇപ്പോൾത്തന്നെ ബിഷപ്പും പാത്രിയാർക്കീസും പോപ്പും ഒക്കെ ഉണ്ട് എന്നത് ഒരു വസ്തുതയാണ്. ദൈവവചന പ്രകാരമുള്ള ഓർഡിനേഷന് പൗരോഹിത്യത്തിൻെറ മേലങ്കി ചാർത്തിയാണ് പെന്തക്കോസ്തുകാർ പൗരോഹിത്യം സഭയിലേക്ക് കൊണ്ടുവന്നത്. ഇപ്പോൾ കുറവുള്ളത് വേഷവിധാനങ്ങൾ മാത്രമാണ്. അതുകൂടി വന്നാൽ എല്ലാം തികഞ്ഞു.*

*എല്ലാ വിശ്വാസികളും പുരോഹിതരാണ് എന്ന സിദ്ധാന്തം പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനത്തിൻെറ അടിസ്ഥാന പ്രമാണങ്ങളിൽ ഒന്നായികുന്നു. പക്ഷേ, പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനത്തിന് ആദ്യം കൈമോശം വന്നതും ഈ വിശ്വാസ പ്രമാണമാണ് എന്ന് ചരിത്രം പഠിച്ചാൽ മനസ്സിലാകും. പെന്തക്കോസ്ത് പ്രസ്ഥാനങ്ങളുടെ ചരിത്രവും വിഭിന്നമല്ല. പുരോഹിതനെന്നും വിശ്വാസിയെന്നും ഉള്ള വേർതിരിവ് സഭയിലില്ലെന്നും എല്ലാ വിശ്വാസികളും പുരോഹിതരാണെന്നും പെന്തക്കോസ്തുകാർ ഇന്നും പ്രസംഗിക്കാറുണ്ടെന്നത് ശരിതന്നെ. പക്ഷേ, ഏട്ടിലെ പശു പുല്ല് തിന്നാറില്ലല്ലോ.*

*തൻെറ ആത്മകഥയിൽ പാസ്റ്റർ കെ.ഇ.ഏബ്രഹാം ഇപ്രകാരം പറയുന്നു: "പട്ടത്വ സഭകൾ വിശ്വസിക്കുന്നതുപോലെ കൈവയ്ക്കുന്ന ആളിൽകൂടെ അദ്ധ്യക്ഷത കൈവയ്ക്കപ്പെടുന്ന ആളിലേക്ക് വ്യാപരിക്കുകയല്ല, പിന്നെയോ ദൈവം ഒരാളിനെ അദ്ധ്യക്ഷനാക്കി എഴുന്നേല്പിക്കുമ്പോൾ ആ ആളിനെ പ്രസ്തുത ശുശ്രൂഷയ്ക്കായി വേർതിരിക്കുക - set apart - ചെയ്യുകയാണെന്ന് തിരുവചനത്തിൽ നിന്നും ഗ്രഹിച്ചു."*

*പാസ്റ്റർ കെ.ഇ.ഏബ്രഹാം ഈ പറഞ്ഞത് തികച്ചും ശരിയാണ്. ഓർഡിനേഷൻ എന്നത് പട്ടം കൊടുക്കലല്ല, വേർതിരിക്കൽ മാത്രമാണ്. ചരിത്രപരമായ എപ്പിസ്ക്കോപ്പസിക്ക് തിരുവചനത്തിൽ ആധാരമില്ല. പക്ഷേ, തുടർന്നു നടന്നത് ഇതിന് വിപരീതമായ കാര്യങ്ങളാണ്.*

*പാസ്റ്റർ കെ.ഇ.ഏബ്രഹാമിനും മറ്റു ചില ദൈവദാസൻമാർക്കും ഓർഡിനേഷൻ വേണം എന്ന് തീരുമാനമുണ്ടായി. ഈ ഉദ്ദേശ്യത്തോടെ വിളിച്ചു ചേർക്കുന്ന മീറ്റിംഗിൽ വച്ച് മൂപ്പൻമാർ ഇവരുടെ മേൽ കൈവച്ച് പൂർണ്ണ സമയ ശുശ്രൂഷയ്ക്കായി വേർതിരിക്കയായിരുന്നു ചെയ്യേണ്ടിയിരുന്നത്. പക്ഷേ, നടന്നത് അതല്ല. സിലോൺ പെന്തക്കോസ്തിൻെറ നേതാവായിരുന്ന പാസ്റ്റർ പോളിനെ കൊണ്ടുവന്ന് കെ.ഇ.ഏബ്രഹാമിന് കൈവയ്പ് നടത്തി. കെ.ഇ.ഏബ്രഹാം പിന്നീട് മറ്റുള്ളവർക്ക് കൈവയപ് കൊടുത്തു. സമുദായങ്ങളിലെ പട്ടം കൊടുക്കലുമായി എന്തെങ്കിലും വ്യത്യാസം ഈ ഓർഡിനേഷനുണ്ടോ?*

*പാസ്റ്റർ കെ.ഇ.ഏബ്രഹാം പറയുന്നതുപോലെ കൈവയ്ക്കുന്ന ആളിൽകൂടെ അദ്ധ്യക്ഷത കൈ വയ്ക്കപ്പെടുന്ന ആളിലേക്ക് വ്യാപരിക്കുകയല്ല ചെയ്യുന്നതെങ്കിൽ പാസ്റ്റർ പോളിനെ വിളിച്ചുകൊണ്ടു വന്നത് എന്തിന്? സഭ യിലെ മൂപ്പൻമാർ ചേർന്ന് കൈ വച്ചാൽ മതിയാകുമായിരുന്നില്ലേ? കൈവയ്പു കിട്ടിയ കെ.ഇ.ഏബ്രഹാം തന്നെ മറ്റുള്ള നേതാക്കൻ മാരുടെമേൽ കൈവയ്ക്കണം എന്ന് എന്തായിരുന്നു നിർബ്ബന്ധം? അവരേയും മൂപ്പൻമാർ കൈവച്ച് വേർതിരിച്ചാൽ പോരായിരുന്നോ?*

*കെ.ഇ.ഏബ്രഹാമിന് കൈവയ്പ് കൊടുത്ത പാസ്റ്റർ പോളിന് കൈവയ്പ് കൊടുത്തതാര്? അദ്ദേഹം സി.എം.എസ്. പ്രവർത്തകൻ ആയിരുന്നു. അതുകൊണ്ട് സി.എം.എസ്. ബിഷപ്പോ മറ്റോ കൈവയ്പ് കൊടുത്തിരിക്കാം. അങ്ങനെയെങ്കിൽ ഐ.പി.സിയിലെ കൈവയ്പിൻെറ വേര് സി.എം.എസ്, അഥവാ, ഇന്നത്തെ സി.എസ്.ഐ. സഭയിലാണ്.*

പ്രാദേശിക സഭയിലെ ശുശ്രൂഷകന്മാരുടെ നേതാവാണ് പാസ്റ്റർ അഥവാ ബിഷപ്പ്. പട്ടത്വസഭകളിൽ കാണുന്ന വിധത്തിലുള്ള ബിഷപ്പും ആർച്ചു ബിഷപ്പും മറ്റും തിരു വചനത്തിൽ ഇല്ല. അതു കൊണ്ട് കെ.പി. യോഹന്നാൻ തിരുവചന പ്രകാരമുള്ള ബിഷപ്പല്ല. സി.എസ്.ഐ.യിലെ ബിഷപ്പ് കെ.പി. യോഹന്നാന്റെ തലയിൽ കൈ വച്ചപ്പോൾ അദ്ദേഹത്തിന് എന്തെങ്കിലും അധികാരം കിട്ടിയെങ്കിൽ അത് ദൈവം കൊടുത്തതുമല്ല. സി.എസ്.ഐ.ക്കാരനായ തിരുമേനിയിൽ നിന്നും ലഭിച്ച അധികാരം ഉപയോഗിച്ചാണ് കെ.പി. യോഹന്നാൻ ഇപ്പോൾ ബിഷപ്പുമാരെ വാഴിക്കുന്നത്. ഇങ്ങനെ ബിഷപ്പാകുന്നവർക്ക് ദൈവീകമായ ഒരധികാരവും ലഭിക്കില്ലെന്നു വ്യക്തമാണല്ലോ. സ്വന്തം പേരിന്റെ മുമ്പിൽ ബിഷപ്പ് എന്നു കൂടി ചേർത്തു ഞെളിയാമെന്നല്ലാതെ ഇതുകൊണ്ട് ഗുണമൊന്നും ഇല്ല.

കെ.പി. യോഹന്നാന്റെ സഭാ ഭരണം കുരങ്ങന്റെ കൃഷി പോലെയാണെന്ന് മുമ്പ് ഒരു ലക്കത്തിൽ ഡിഫെൻഡർ വ്യക്തമാക്കിയിരുന്നല്ലോ. വേരു കിളിർത്തോയെന്ന് ഇടയ്ക്ക് ഒക്കെ പറിച്ചു നോക്കിക്കൊണ്ടിരിക്കും. ഇപ്പോൾ ബിഷപ്പായവരും ഈ സത്യം മറക്കരുത്. നിങ്ങൾക്ക് അധികാരം തന്നത് ദൈവമല്ല, കെ.പി. യോഹന്നാൻ ആണ്. അദ്ദേഹത്തിന് ഇഷ്ടമുള്ളിടത്തോളം കാലം നിങ്ങൾക്ക് ബിഷപ്പായി തുടരാനാകും. ഏതെങ്കിലും ബിഷപ്പിന് വേരു കിളിർക്കുന്നതായി കെ.പി. യോഹന്നാനു തോന്നിയാൽ തീർന്നു കഥ. ആ ബിഷപ്പ് പിന്നീട് സ്വന്തം പെണ്ണുംപിള്ളയുടെ വെഷപ്പ് മാത്രമായിരിക്കും. അടുപ്പിൻ മൂട്ടിലെ കൊരണ്ടി പ്പലക ബിഷപ്പിന്റെ സിംഹാസനമായി പരിഗണിക്കാം.

ബിലിവേഴ്സ് ചർച്ചിൽ ഇതുവരെ നടന്നിട്ടുള്ളതും ഇനി നടക്കാൻ പോകുന്നതും ഒറ്റ വാചകത്തിൽ സംഗ്രഹിക്കാം: “ഇതൊക്കെ അച്ചായന്റെ ഒരു തമാശയല്ലേ.”

# പ്രമേഹം ഉള്ളവർക്കും സന്തുഷ്ടമായ ജീവിതം

ശരീര കോശങ്ങൾക്ക് നിത്യ ജീവിതത്തിന് വേണ്ട ഊർജ്ജം നല്കുവാൻ ഗ്ലൂക്കോസ് (പഞ്ചസാര) ആവശ്യമാണ്. നാം കഴിയ്ക്കുന്ന ആഹാരം ദഹിച്ച് ഗ്ലൂക്കോസ് ആയി മാറുന്നു. ഗ്ലൂക്കോസ് രക്തവാഹിനികളിലൂടെ ശരീരത്തിലെ വിവിധ കോശങ്ങളിൽ എത്തിച്ചേരുന്നു. ഗ്ലൂക്കോസ് കോശങ്ങളിൽ പ്രവേശിക്കണമെങ്കിൽ പാൻക്രിയാസ് ആഗ്നേയഗ്രന്ഥി (അന്നനാള ഗ്രന്ഥി) ഉല്പാദിപ്പിക്കുന്ന ഇൻസുലിൻ എന്ന ഹോർമോൺ അത്യാവശ്യമാണ്. വേണ്ടത്ര ഇൻസുലിന്റെ അഭാവത്തിൽ ഗ്ലൂക്കോസിനെ കോശങ്ങൾ ആഗിരണം ചെയ്യുകയില്ല. അപ്പോൾ രക്തത്തിൽ ഗ്ലൂക്കോസിന്റെ അളവ് വർദ്ധിയ്ക്കുന്നു. ഇതിനെ ഹൈപ്പർ ഗ്ലൈസേമിയ എന്നു പറയുന്നു. രക്തത്തിൽ പഞ്ചസാരയുടെ ആധിക്യം പ്രമേഹത്തിലേയ്ക്ക് നയിക്കുന്നു. നിങ്ങളുടെ ഡോക്ടർ വെറും വയറ്റിലും ഭക്ഷണാനന്തരവും രക്തം പരിശോധിക്കാൻ ആവശ്യപ്പെട്ടേയ്ക്കാം. പ്രമേഹം ഉള്ളവരുടേയും ഇല്ലാത്തവരുടേയും ഗ്ലൂക്കോസിന്റെ അളവ് വ്യത്യസ്തമായിരിയ്ക്കും. പ്രമേഹമില്ലാത്തവരിൽ വെറും വയറ്റിലെ ഗൂക്കോസിന്റെ നില 110ൽ താഴെയായിരിയ്ക്കും. പ്രമേഹം ഉള്ളവരിൽ അത് 126ൽ കൂടുതൽ ആയിരിക്കും. പ്രമേഹമില്ലാത്തവരിൽ ഭക്ഷണാനന്തര ഗ്ലൂക്കോസിന്റെ നില 140ൽ കുറവും പ്രമേഹ രോഗികളിൽ അത് 200ന് മുകളിലും ആയിരിക്കും.

പ്രമേഹ ചികിത്സയുടെ ഘടകങ്ങളാണ് ശരിയായ ആഹാരം, വ്യായാമം, പതിവായ പരിശോധന, ഒപ്പം മരുന്നുകളും. തക്കതായ ശ്രദ്ധയും ശരിയായ ചികിത്സയും വഴി പ്രമേഹ രോഗത്തെ നിയന്ത്രിക്കാം. ഒരിയ്ക്കൽ ബാധിച്ചാൽ പ്രമേഹം മാറ്റാനാകില്ല. മാന്ത്രികഫലങ്ങൾ വാഗ്ദാനം ചെയ്യുന്ന ചികിത്സകളിൽ വിശ്വസിക്കരുത്. നിങ്ങളുടെ പ്രമേഹത്തിന്റെ തരം, നിങ്ങളുടെ ആരോഗ്യസ്ഥിതി, ഭാരം മറ്റ് അനുബന്ധലക്ഷണങ്ങൾ എന്നിവ കണക്കിലെടുത്ത്, നിങ്ങൾക്ക് യോജിച്ച ചികിത്സ നിങ്ങളുടെ ഡോക്ടർ നിർദ്ദേശിക്കും.

നിയന്ത്രിക്കാത്ത പ്രമേഹം നിങ്ങളെ ഗുരുതരമായ അവസ്ഥയിൽ എത്തിക്കുന്നു. അനിയന്ത്രിതമായ പ്രമേഹം പല പ്രധാന അവയവങ്ങളേയും, ശരീരഘടനയേയും ബാധിക്കുന്നു. അനിയന്ത്രിതമായ പ്രമേഹം കാഴ്ച മങ്ങൽ/കാഴ്ച നഷ്ടം, വൃക്കകൾക്ക് നാശം, ഇടക്കിടെ രോഗബാധ, ഗാംഗറീൻ (രക്തയോട്ടം കുറയുന്നത്) കരിയാൻ വൈകുന്ന മുറിവുകൾ, ലൈംഗിക ശേഷിക്കുറവ് എന്നിവയ്ക്ക് വഴിയൊരുക്കുന്നു. കൂടാതെ മസ്തിഷ്ക്ക രോഗങ്ങൾക്കും ഹൃദ്രോഗങ്ങൾക്കും സാദ്ധ്യത വർദ്ധിപ്പിക്കുകയും ചെയ്യും. നേരത്തെതന്നെ പ്രമേഹത്തെ നിയന്ത്രിക്കുന്നത് ഭാവിയിൽ പ്രശ്നങ്ങൾ ഒഴിവാക്കി, ഒരു സാധാരണ ജീവിതം നയിക്കാൻ സഹായകമാകുന്നു.

ആഹാരക്രമം എളുപ്പം നടപ്പാക്കാവുന്ന ചില നിർദ്ദേശങ്ങൾ: കാർബോഹൈഡ്രേറ്റ്സ് കൊണ്ട് വയറു നിറയ്ക്കുക. ചപ്പാത്തി, റൊട്ടി, ചോറ്, ഉരുളക്കിഴങ്ങ്, കുറുക്ക്, പാസ്ത തുടങ്ങിയവ. ഇവയ്ക്ക് ചിലവ് കുറവാണെന്ന് മാത്രമല്ല, വിശന്ന് മറ്റു പലഹാരങ്ങൾ കഴിക്കുന്നതിൽ നിന്ന് പിന്തിരിപ്പിക്കുകയും ചെയ്യുന്നു. യഥാസമയത്ത് മിതമായി ആഹാരം കഴിക്കുക. ഇട നേരങ്ങളിൽ പഴങ്ങൾ, പച്ചക്കറികൾ തുടങ്ങി ആരോഗ്യപ്രദങ്ങളായ പദാർത്ഥങ്ങൾ കഴിയ്ക്കാം. കൊഴുപ്പു കുറഞ്ഞ അല്ലെങ്കിൽ പാട നീക്കിയ പാൽ, സസ്യ എണ്ണകൾ എന്നിവ മാത്രം ഉപയോഗിയ്ക്കുക. പാചകരീതിയിലും മാറ്റം വരുത്തണം. ആവിയിൽ വേവിച്ചതും ഗ്രിൽ ചെയ്തതുമായ വിഭവങ്ങൾ കൂടുതൽ ഉൾപ്പെടുത്തുക. കൊഴുപ്പുകളും, കൊഴുപ്പടങ്ങിയ നെയ്യ്, വെണ്ണ, പൂരി, കച്ചോറി തുടങ്ങിയ വറുത്ത പദാർത്ഥങ്ങളും ഉപേക്ഷിക്കുക. കൊഴുപ്പു കൂടിയ മാംസം, വെണ്ണ, വറുത്ത പലഹാരങ്ങൾ എന്നിവ വർജ്ജിയ്ക്കുക. പഞ്ചസാര, ശർക്കര, തേൻ, ജാമുകൾ, ചോക്ക്ളേറ്റുകൾ തുടങ്ങി സ്പുടം ചെയ്ത കാർബോഹൈഡ്രേറ്റുകൾ (പഞ്ചസാര) അടങ്ങിയ ഭക്ഷണങ്ങൾ വർജ്ജിക്കുക. ഇറച്ചി, മീൻ, ചീസ് തുടങ്ങിയവയുടെ ഉപയോഗം കുറച്ച് പച്ചക്കറികളും, അന്നജങ്ങളും കൂടുതൽ കഴിക്കുക.

ആവർത്തന വിരസമല്ലാത്ത, മടുപ്പ് തോന്നാത്ത ഒരു ഭക്ഷണ ക്രമം രൂപീകരിക്കാൻ ഡോക്ടറോട് അഭ്യർത്ഥിക്കുക. നിങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളും, ആവശ്യമായ പോഷകമൂല്യങ്ങളും കണക്കിലെടുത്ത്, വ്യത്യസ്തങ്ങളായ ആഹാരങ്ങൾ നിങ്ങൾക്ക് തെരഞ്ഞെടുക്കാം. സമാന പോഷക മൂല്യമുള്ള, വൈവിധ്യമാർന്ന ആഹാര പദാർത്ഥങ്ങളുടെ കൂട്ടങ്ങളാണ് ഫുഡ് എക്സ്ചേഞ്ച്. ഓരോ ഗ്രൂപ്പിലെ ഓരോ യൂണിറ്റിനും ഒരേ കലോറി അംശം ഉള്ളതിനാൽ ഒന്നിനു പകരം മറ്റൊന്ന് ഉപയോഗിക്കാവുന്നതാണ്.

വ്യായാമം:

- രക്തത്തിലെ പഞ്ചസാരയെ നിയന്ത്രിക്കാൻ സഹായിക്കുന്നു.
- ഭാരം നിയന്ത്രിക്കാൻ സഹായിക്കുന്നു.
- കൂടുതൽ ഉന്മേഷം നൽകുന്നു.
- ശരീരത്തിൽ ഇൻസുലിന്റെ പ്രവർത്തനം സുഗമമാക്കുന്നു.

കഴിക്കാനുള്ള ഗുളികകൾ:

ആഹാരക്രമവും വ്യായാമവും കൊണ്ടുമാത്രം പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാനാവില്ല. രക്തത്തിൽ പഞ്ചസാരയുടെ അളവ് കുറയ്ക്കാനുള്ള പ്രമേഹ ഔഷധങ്ങൾ ഗുളികകളായും കാപ്സ്യൂളുകളായും ലഭിയ്ക്കുന്നു. ചില ഗുളികകൾ പാൻക്രിയാസിനെ ഉത്തേജിപ്പിച്ച് ഇൻസുലിൻ ഉല്പാദനം വർദ്ധിപ്പിക്കുന്നു. രോഗിയുടെ പാൻക്രിയാസിന് ഇൻസുലിൻ ഉല്പാദനശേഷി ഉണ്ടെങ്കിൽ മാത്രമേ ഈ മരുന്നുകൾ പ്രവർത്തിക്കൂ.

പാൻക്രിയാസിന്റെ ഇൻസുലിൻ ഉല്പാദനശേഷി നഷ്ടമാകുമ്പോൾ ഗുളികകൾ നിഷ്ഫലങ്ങളാകുന്നു. അത്തരം രോഗികൾക്ക് പ്രമേഹം നിയന്ത്രിക്കാൻ ഇൻസുലിൻ ആവശ്യമായി വരുന്നു. ചില പ്രമേഹ ഗുളികകൾ കോശങ്ങളുമായി പ്രവർത്തിച്ച് അവയെ ഇൻസുലിൻ ഉൾക്കൊള്ളാൻ സഹായിക്കുന്നു. ശരീരത്തിൽ ഗ്ലൂക്കോസിന്റെ ആഗിരണം മന്ദഗതിയിലാക്കുന്ന ചില മരുന്നുകളും ഉണ്ട്.

എന്താണ് ഇൻസുലിൻ? അതെങ്ങനെ പ്രവർത്തിക്കുന്നു. ആമാശയത്തിന് പിറകിൽ സ്ഥിതി ചെയ്യുന്ന പാൻക്രിയാസ് എന്ന ഗ്രന്ഥി ഉല്പാദിപ്പിക്കുന്ന ഒരു ഹോർമോൺ ആണ് ഇൻസുലിൻ. ഇൻസുലിന്റെ അഭാവം, കുറവ്, ഗുണരാഹിത്യം ഇവയെല്ലാം കാരണം പഞ്ചസാര (ഗ്ലൂക്കോസ്) കോശങ്ങളിൽ പ്രവേശിക്കാതെ രക്തത്തിൽ തന്നെ ഉയർന്ന തോതിൽ നില നിൽക്കുന്നു. ഇത് മുൻപ് പറഞ്ഞ പ്രശ്നങ്ങൾക്ക് വഴിയൊരുക്കുന്നു. പ്രമേഹം വർദ്ധിയ്ക്കുന്നതോടെ ഇൻസുലിൻ അത്യന്താപേക്ഷിതമാകുന്നു. ഇൻസുലിൻ ഇഞ്ചക്ഷൻ ചെയ്യുമ്പോൾ രക്തപ്രവാഹത്തിലൂടെ അത് ശരീരത്തിൽ വ്യാപിച്ച് കോശങ്ങളുടെ ഉപരിതലത്തിൽ പ്രവർത്തിച്ച് ഗ്ലൂക്കോസ് ആഗിരണം ചെയ്യുവാൻ സഹായിക്കുന്നു.

ഇൻസുലിൻ കുത്തിവെയ്പ് ആർക്കെല്ലാം? ടൈപ്പ് 1 പ്രമേഹമുള്ളവർക്ക് ഇൻസുലിനെ ആശ്രയിക്കേണ്ടി വരുന്നു. കാരണം അവരുടെ പാൻക്രിയാസിന് ഇൻസുലിൻ ഉല്പാദന ശേഷി നഷ്ടമായിരിയ്ക്കും. ടൈപ്പ് 2 പ്രമേഹ ബാധിതരിൽ ചില സന്ദർഭങ്ങളിൽ (ഉദാ. രോഗാവസ്ഥ, ശസ്ത്രക്രിയ, ഗർഭാവസ്ഥ) അതുവരെ ചെയ്തിരുന്ന ഗുളികകൾക്കു പകരം താൽക്കാലികമായി ഇൻസുലിൻ കുത്തിവയ്പ്പ് ആവശ്യമായി വരും. കൂടാതെ ടൈപ്പ് 2 പ്രമേഹമുള്ള പല രോഗികൾക്കും നിത്യേനയുള്ള ഇൻസുലിൻ ഇഞ്ചക്ഷൻ ഏറെ ഫലപ്രദമായിരിയ്ക്കും. പ്രത്യേകിച്ച് ഗുളികകളുടെ ഫലം കുറഞ്ഞുവരുമ്പോൾ. നിങ്ങൾക്ക് ഇൻസുലിൻ ആവശ്യമുണ്ടോ എന്നു നിങ്ങളുടെ ഡോക്ടർ നിശ്ചയിയ്ക്കുന്നതാണ് ഉത്തമം.

വിവിധതരം ഇൻസുലിനുകൾ ഏതെല്ലാം? ഇൻസുലിനുകളെ ഇനം, പ്രവർത്തന രീതി, ശക്തി എന്നിവയെ ആസ്പദമാക്കി തരം തിരിച്ചിരിക്കുന്നു.

ഇനങ്ങൾ: ഇൻസുലിനുകളെ അവയുടെ ഉത്ഭവ സ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ ഹ്യൂമൻ, പോർസൈൻ, ബോവൈൻ എന്നിങ്ങനെ തരം തിരിച്ചിരിയ്ക്കുന്നു. ഹ്യൂമൻ ഇൻസുലിൻ ജനിതക വിദ്യയിലൂടെ (Genetic Engineering technology) ഉല്പാദിപ്പിക്കപ്പെടുന്നു. പോർസൈൻ ഇൻസുലിൻ പന്നികളുടെ പാൻക്രിയാസിൽ നിന്നും, ബോവൈൻ ഇൻസുലിൻ കന്നുകാലികളുടെ പാൻക്രിയാസിൽ നിന്നും, ഉല്പാദിപ്പിച്ചു വരുന്നു. ഇവയിൽ ഏറ്റവും മെച്ചം ഹ്യൂമൻ ഇൻസുലിൻ തന്നെ. കാരണം അവയുടെ രാസ സ്വഭാവം നമ്മുടെ ഇൻസുലിന്റേത് തന്നെയാകുന്നു. മാരകമായ ഭ്രാന്തൻ പശു രോഗത്തെ (Mad Cow disease) കുറിച്ചുള്ള ഭയം ബോവൈൻ ഇൻസുലിന്റെ ഉപയോഗവും ഉല്പാദനവും കുറച്ചിരിക്കുന്നു.

പ്രവർത്തനം:

വിവിധ ഇൻസുലിനുകളുടെ പ്രവർത്തന രീതി:

- കുത്തിവെച്ച ഇൻസുലിൻ രക്തത്തിൽ വ്യാപിക്കുന്ന വേഗത (പ്രവർത്തന ആരംഭം).
- ഇൻസുലിന്റെ പ്രവർത്തനം മൂർദ്ധന്യത്തിലെത്തുന്ന സമയം (പീക്ക് ഇഫക്ട്).
- കുത്തിവെച്ച ഇൻസുലിൻ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ എടുക്കുന്ന സമയം (പ്രവർത്തന സമയം).
- ദ്രുത പ്രവർത്തന ഇൻസുലിനായ (ഹ്യൂമൻ അക്ട്രാപിഡ്) ഒരു സുതാര്യ ദ്രാവകമാണ്. അത് പെട്ടെന്ന് പ്രവർത്തനം തുടങ്ങുന്നു. പ്രവർത്തന സമയം കുറഞ്ഞുമിരിക്കുന്നു.
- ഇന്റർ മീഡിയറ്റ് ആക്ടിംഗ് ഇൻസുലിൻ (ഹ്യൂമൻ മോണ്ടാർഡ്/ഹ്യൂമൻ ഇൻസുലാടാർഡ്) ആഗിരണം വൈകിക്കാനോ, കുറയ്ക്കാനോ ഉള്ള ഘടകങ്ങൾ ചേർന്നതാണ്. ഇവ പാറിക്കിടക്കുന്നതിനാൽ ദ്രാവകം കലങ്ങിയതു പോലിരിയ്ക്കും.
- മുൻകൂർ യോജിപ്പിച്ച ഇൻസുലിൻ (ഹ്യൂമൻ മിക്സ്ടാർഡ്) ദ്രുത പ്രവർത്തന ഇൻസുലിനും മധ്യപ്രവർത്തന ഇൻസുലിനും കലർത്തി ഉണ്ടാക്കുന്നതാണ്.

ഇൻസുലിൻ ഉപയോഗിക്കുമ്പോൾ ഓർമ്മിയ്ക്കേണ്ടവ:

- കടുപ്പം എത്രയായാലും (40 i.u./ml. അഥവാ 100 i.u./ml.) നിങ്ങ ളുടെ നിത്യഡോസിലെ ഇന്റർനാഷണൽ യൂണിറ്റുകൾ (i.u.) മാറുകയില്ല.
- കടുപ്പം മാറുമ്പോൾ കുത്തിവയ്ക്കുന്ന ദ്രാവകത്തിന്റെ അളവിൽ മാത്രം (അതായത് ml. അല്ലെങ്കിൽ cc) മാറ്റം വരുന്നു.
- നിങ്ങൾ 1 cc 40 i.u./ml. ഉപയോഗിയ്ക്കുന്ന സ്ഥാനത്ത് 0.4 cc 100 i.u./ml. ഇൻസുലിൻ മതിയാകും.

പ്രമേഹ രോഗികളും, ദീർഘകാലമായി രക്തത്തിൽ പഞ്ചസാരയുടെ ആധിക്യവും ഉള്ള വ്യക്തികൾക്ക് കാലിൽ പ്രശ്നങ്ങൾ ഉണ്ടാക്കാൻ സാധ്യതയുണ്ട്. പ്രമേഹം രക്തധമനികളെ ബാധിക്കുകയും രക്തസംക്രമണത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. പ്രമേഹം ഞരമ്പുകളേയും ബാധിക്കുന്നു. അങ്ങിനെ പാദ ങ്ങളിലെ സംവേദന ക്ഷമത നഷ്ടമാകുന്നു. വേദന അനുഭവ പ്പെടാത്തതുമൂലം പ്രമേഹരോഗിയുടെ കാലിൽ മുറിവുപറ്റിയാൽ അയാൾ അറിയുകയില്ല.

പ്രമേഹമുള്ള വ്യക്തിക്ക് എന്തെങ്കിലും രോഗം ബാധിച്ചാൽ രക്തത്തിലെ ഗ്ലൂക്കോസ് നിയന്ത്രിയ്ക്കാനും പൊതുവായ ആരോഗ്യം സംരക്ഷിക്കാനും പ്രത്യേകം ശ്രദ്ധിക്കണം. ഓരോ നാലുമണിക്കൂർ ഇടവിട്ടെങ്കിലും രക്തത്തിലെ പഞ്ചസാര പരിശോധിച്ച് വിവരം എഴുതി വയ്ക്കുക. ശരീരോഷ്മാവ് അളക്കുക. 99° മുകളിലാണെങ്കിൽ മണിക്കൂർ ഇടവിട്ട് എന്തെങ്കിലും കുടിയ്ക്കുക. സാധാരണ കഴിയ്ക്കാറുള്ള അളവിൽ ഉയർന്ന ഊർജ്ജമടങ്ങിയ ആഹാരം (കാർബോഹൈഡ്രേറ്റ്സ്) കഴിക്കേണ്ടത് ആവശ്യമാണ്. സാധ്യമെങ്കിൽ പതിവുള്ള ആഹാരക്രമം പാലിക്കുക. പഞ്ചസാര ചേർന്ന പഴച്ചാറോ ചായയോ കുടിയ്ക്കാം. രോഗാവസ്ഥയിലും സാധാരണ അളവിൽ കലോറികൾ ഉൾക്കൊള്ളിക്കണം.

രോഗം കാരണം രക്തത്തിൽ പഞ്ചസാര വർദ്ധിച്ചേക്കാം. അതാണ് രക്തം പരിശോധിക്കണമെന്നും, പതിവു മരുന്നുകൾ കഴിക്കണമെന്നും പറഞ്ഞത്. ഇൻസുലിൻ കുത്തിവയ്ക്കാറുണ്ടെങ്കിൽ പതിവുള്ള അളവ് കുത്തിവെയ്ക്കുക. ആഹാരം കഴിയ്ക്കാൻ തോന്നുന്നില്ലെങ്കിലും ഇൻസുലിൻ എടുക്കണം. ഗുളികകളും പതിവ് ഡോസ് കഴിയ്ക്കണം. നന്നായി വെള്ളം കുടിയ്ക്കുക. പാലോ പഴച്ചാറുകളോ ആവാം.

താഴെപ്പറയുന്ന എന്തെങ്കിലും ഉണ്ടെങ്കിൽ ഉടനെ നിങ്ങളുടെ ഡോക്ടറെ കാണുക.

- രക്തത്തിലെ പഞ്ചസാര 300 mg/dl അധികം.
- ഒരു ദിവസത്തിൽ കൂടുതലായുള്ള ഛർദ്ദി.
- ഉയർന്ന അല്ലെങ്കിൽ ഉയർന്നു വരുന്ന പനി.
- രണ്ടു ദിവസത്തിൽ അധികം നീണ്ടു നിൽക്കുന്ന അസുഖം.
- ഒന്നിൽക്കൂടുതൽ ദിവസങ്ങളായി, ആഹാരം കഴിയ്ക്കാൻ വിഷമം.

രക്തത്തിലെ ഗ്ലൂക്കോസ് പതിവായി പരിശോധിക്കേണ്ടത് ചികിത്സയുടെ ഫലം മനസ്സിലാക്കാൻ അത്യാവശ്യമാണ്. രക്തപരിശോധന ലാബറട്ടറികളിലോ അല്ലെങ്കിൽ മാർക്കറ്റിൽ ലഭിക്കുന്ന ഗ്ലൂക്കോസ് മീറ്റർ (Self blood Glucose Monitor SBGM) ഉപയോഗിച്ച് തന്നത്താനോ ചെയ്യാം. പ്രമേഹ രോഗികൾ നിശ്ചിത സമയ ങ്ങളിൽ രക്തം പരിശോധിയ്ക്കേണ്ടതാണ്. എത്രനാൾ ഇടവിട്ട് പരിശോധിക്കണമെന്ന് ഡോക്ടർ നിശ്ചയിക്കും. അടുത്തടുത്തായി പരിശോധനകൾ ആവശ്യമാകുന്ന ചില അവസ്ഥകൾ ഉണ്ട്.

- ഏറെ മെച്ചപ്പെട്ട, കർശനമായ പഞ്ചസാര നിയന്ത്രണം ആഗ്രഹിക്കുന്നവർക്ക്.
- ചെറുതോ വലുതോ ആയ അസുഖം ബാധിക്കുമ്പോൾ.
- കൂടുതൽ ആയാസ്സമുള്ള വേളയിൽ.
- പ്രമേഹത്തോടൊപ്പം, വൃക്കകൾ, ഹൃദയം എന്നിവക്ക് പ്രശ്നങ്ങൾ ഉള്ളവർ.
- ഇടക്കിടെ ഹൈപ്പോഗ്ലൈസേമിയ ഉണ്ടാകാറുള്ള പ്രമേഹരോഗികൾ.
- പ്രമേഹമുള്ള ഗർഭിണികൾ.
- ചികിത്സയിലും മരുന്നുകളിലും മാറ്റം വരുത്തുമ്പോൾ.

പരിശോധനാഫലങ്ങൾ കൃത്യമായി എഴുതിവെക്കേണ്ടത് ആവശ്യമാണ്. ദിവസവും ഒരു നിശ്ചിത സമയത്തിലെ രക്തത്തിലെ പഞ്ചസാരയുടെ അളവ് എഴുതിവെയ്ക്കുക. അത്തരം ഒരു റിക്കാർഡ് നിങ്ങളുടെ ആരോഗ്യ നില മനസ്സിലാക്കാനും ഭാവിയിലേക്കുള്ള ചികിത്സ കൃത്യമായി നിർണ്ണയിയ്ക്കാനും ഡോക്ടർക്ക് സഹായകരമായിരിക്കും.

## നിയമ വിജ്ഞാനം

# അറസ്റ്റും കസ്റ്റഡിയും: നിയമം എന്തു പറയുന്നു?

സുപ്രീം കോടതിയുടെ നിർവ്വചനപ്രകാരം അറസ്റ്റ് എന്നാൽ ഒരു കുറ്റാരോപണം അല്ലെങ്കിൽ ഒരു വീഴ്ച അല്ലെങ്കിൽ ഒരു നിയമലംഘനം എന്നിവ സംബന്ധിച്ചു നിയമപരമായ അധികാരം മൂലം ഒരാളെ ശരീരസംബന്ധമായ നിയന്ത്രണത്തിൽ വയ്ക്കുന്നത് എന്ന് അർത്ഥം.

ഒരാളെ അറസ്റ്റു ചെയ്യുന്നത് മിക്കവാറും താഴെ പറയുന്ന കാരണങ്ങളെ ഉദ്ദേശിച്ചായിരിക്കും.

(ഏ) ഒരു നീതിന്യായ കോടതിയുടെ ആജ്ഞാനുസരണത്തിനെ നിർബന്ധിക്കുന്നതിനു വേണ്ടിയോ അല്ലെങ്കിൽ

(ബി)ഒരു കുറ്റം ചെയ്യുന്നതിനെ നിരോധിക്കുന്നതിനു വേണ്ടിയോ അല്ലെങ്കിൽ

(സി) ഒരു കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്നതോ അല്ലെങ്കിൽ സംശയിക്കപ്പെടുന്നതോ ആയ ഒരാൾ അതു വിഷയമായി ഹാജരായി ഉത്തരം പറയുന്നതിനെ ഉറപ്പിക്കുന്നതിനുവേണ്ടിയോ ആയിരിക്കും.

വാറണ്ടു കൂടാതെ അറസ്റ്റു ചെയ്യാൻ അധികാരമുള്ള എല്ലാ സന്ദർഭങ്ങളിലും പോലീസ് ആഫീസർമാർ വളരെ ജാഗ്രതയോടും വിവേകത്തോടും കൂടിയാണ് പ്രവർത്തിക്കേണ്ടത്. ചില സന്ദർഭങ്ങളിൽ, അങ്ങനെ ഒരാളെ അറസ്റ്റുചെയ്യുന്നത് ആവശ്യമില്ലാത്തതായും മറ്റു ചില സന്ദർഭങ്ങളിൽ ഒരാൾ ഒളിച്ചോടിപ്പോകുന്നതിനേയോ, അല്ലെങ്കിൽ അയാൾ തെളിവുകളെ നശിപ്പിക്കുന്നതിനേയോ തടയുന്നതിനുവേണ്ടി ഉടൻതന്നെ അയാളെ അറസ്റ്റു ചെയ്യുന്നത് വളരെ അത്യാവശ്യമുള്ളതായിരിക്കും.

നടപടിക്ക് എടുക്കാവുന്ന (Cognizable) ചില കുറ്റങ്ങൾ വിഷയത്തിൽ സംബന്ധപ്പെട്ടിട്ടുള്ള വ്യക്തിയുടെ പദവി, കുറ്റത്തിന്റെ സ്വഭാവം മറ്റുള്ള പരിതസ്ഥിതി മുതലായവയെ കണക്കാക്കി നോക്കുമ്പോൾ അയാൾ കോടതിയിൽ ഹാജരകുന്നതിലേയ്ക്കുവേണ്ടി കോടതിമുഖാന്തിരം ഒരു സമ്മൻസ് അയക്കുന്നത് മതിയായിരിക്കും. അല്ലെങ്കിൽ അറസ്റ്റു ചെയ്യപ്പെടുന്നെങ്കിലും (ജാമ്യം അനുവദിച്ചിട്ടുള്ള കേസാണെങ്കിൽ) ഉടൻതന്നെ ജാമ്യത്തിൽ വിടുന്നതു ഉചിതമായിരിക്കും. സംശയിക്കപ്പെടുന്ന ആളുകൾ വിഷയത്തിലും കൂടി ചില ആളുകളെ തീർച്ചയായി അറസ്റ്റുചെയ്തു കസ്റ്റഡിയിൽ വയ്ക്കേണ്ടതായും വേറെ ചില ആളുകളെ അറസ്റ്റു ചെയ്യാതെ നോട്ടത്തിൽ മാത്രം വച്ചിരിക്കേണ്ടതായും ഇരിക്കും.

ഓരോ കേസിലും എല്ലാ വിഷയങ്ങളേയും നല്ലതുപോലെ പരിഗണിച്ച് ഒരാളെ വാറണ്ടുകൂടാതെ അറസ്റ്റുചെയ്യുന്നത് ആവശ്യമാണോ ഇല്ലയോ എന്നുള്ളതിനെ സ്റ്റേഷൻ ഹൌസ് ആഫീസർക്ക് അവരുടെ യുക്തം പോലെ തീരുമാനിക്കാം. CRPC 42-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതു പോലുള്ളതും നടപടിക്ക് എടുക്കാൻ പാടില്ലാത്തതുമായ (Non Cognizable) നിസ്സാര കേസ്സുകൾ (Petty cases) വിഷയങ്ങളിൽ, ഒരാളെ അറസ്റ്റു ചെയ്യുന്നതിനുള്ള ഉദ്ദേശങ്ങളെ മറ്റു വിധത്തിൽ നിവേറ്റാൻ സാധിക്കുമെങ്കിൽ അയാളെ അറസ്റ്റു ചെയ്യേണ്ട ആവശ്യമില്ല അങ്ങനെ അറസ്റ്റു ചെയ്തിട്ടുണ്ടെങ്കിലും അയാളെ ജാമ്യത്തിൽ വിട്ടയയ്ക്കാം.

വാറണ്ടു കൂടാതെ അറസ്റ്റു ചെയ്യുന്നത്

ഒരു മജിസ്ട്രേട്ടിന്റെ വാറണ്ടു കൂടാതെ ഒരു പോലീസാഫീസർക്ക് താഴെ പറയുന്ന സംഗതികളിൽ ഒരാളെ അറസ്റ്റുചെയ്യാം.

A. നടപടിക്ക് എടുക്കാവുന്ന (Cognizable) കുറ്റങ്ങൾ വിഷയത്തിൽ

(i) CRPC വകുപ്പ് 41 (1) (a) മുതൽ (i) വരെയുള്ള ഉപഖണ്ഡികകളിൽ വിവരിച്ചിട്ടുള്ള കുറ്റങ്ങൾ ചെയ്യപ്പെടുമ്പോൾ

(ii) CRPC വകുപ്പ് 44 (1) (2) പ്രകാരം ഒരു മജിസ്ട്രേട്ടിന്റെ മുമ്പിൽ വച്ചു നടന്ന ഒരു കുറ്റം കാരണമായി അദ്ദേഹം നേരിട്ടു കൊടുക്കുന്ന ഒരു ഉത്തരവ് നിറവേറ്റപ്പെടുമ്പോൾ;

(iii) CRPC വകുപ്പ് 151 (1)ൻ കീഴിൽ നടപടിക്ക് എടുക്കാവുന്ന ഒരു കുറ്റകൃത്യത്തെ നിരോധിക്കേണ്ടി വരുമ്പോൾ;

(iv) സ്പെഷ്യൽ ആക്റ്റുകൾ സംബന്ധിച്ചു വല്ല ആവശ്യവും വരുമ്പോൾ

കുറിപ്പ് സ്പെഷ്യൽ ആക്ടുകളുടെ വിഷയങ്ങളിൽ ഒരാളെ അറസ്റ്റു ചെയ്യുന്നതിനെ സംബന്ധിച്ചു ആ ആക്റ്റുകളിൽ വ്യവസ്ഥപ്പെടുത്തീട്ടുള്ള നിബന്ധനകൾ അനുസരിക്കപ്പെടണം.

B. നടപടിക്ക് എടുക്കാൻ പാടില്ലാത്ത (Non Cognizable) കുറ്റങ്ങൾ വിഷയത്തിൽ:

(i) CRPC 41 (c) വകുപ്പിന്റെ കീഴിൽ പ്രഖ്യാപിക്കപ്പെട്ട ഒരു കുറ്റക്കാരൻ നടപടിക്ക് എടുക്കാൻ പാടില്ലാത്ത ഒരു കുറ്റം ചെയ്തിരിക്കുമ്പോൾ:

(ii) CRPC 41 (1) (e) വകുപ്പിന്റെ കീഴിൽ ഒരു പോലീസ് ആഫീസിൽ തന്റെ നിയമപരമായി പ്രവർത്തനം നടത്തുന്നതിനെ ഒരാൾ തടയുമ്പോൾ:

(iii) CRPC 42 (1) പ്രകാരം കുറ്റം ചെയ്തിട്ടുള്ള ഒരാൾ തന്റെ പേരും മേൽവിലാസവും പറയാൻ വിസമ്മതിക്കുമ്പോൾ;

(iv) CRPC 432 (3) വകുപ്പിന്റെ കീഴിൽ IPC 227-ാം വകുപ്പിൽപ്പെട്ട കുറ്റം ചെയ്യപ്പെടുമ്പോൾ:

(v) IPC വകുപ്പ് 176 പ്രകാരം ഒരാളാൽ നിയമപരമായി കൊടുക്കപ്പെടേണ്ട നോട്ടീസ്, വിവരം മുതലായവ കൊടുക്കപ്പെടാതിരിക്കുമ്പോൾ;

വാറണ്ട് കൂടാതെ അറസ്റ്റു ചെയ്യുന്നതിലേയ്ക്കായി ഒരു സ്റ്റേഷൻ ഹൌസ് ആഫീസർക്കുള്ള അധികാരം

നടപടിക്ക് എടുക്കാവുന്ന കുറ്റങ്ങൾ, നടപടിക്ക് എടുക്കാൻ പാടില്ലാത്ത കുറ്റങ്ങൾ എന്നിവ സംബന്ധമായി ഒരാളെ വാറണ്ടു കൂടാതെ അറസ്റ്റു ചെയ്യുന്നതിനുവേണ്ടി ഒരു പോലീസാഫീസർക്കുള്ള അധികാരങ്ങളെപ്പറ്റി ഇതിനുതൊട്ടു മുൻപുള്ള (A) (B) എന്നീ രണ്ടു ഇനങ്ങളിലും പറഞ്ഞിരിക്കുന്നു.

ഒരു പോലീസ് സ്റ്റേഷൻ ഹൌസ് ആഫീസർക്കും കൂടി മേൽ പറഞ്ഞ അധികാരങ്ങൾ ഉണ്ട്. അതു കൂടാതെ ഒരു പോലീസ് സ്റ്റേഷൻ ഹൌസ് ആഫീസർക്കു താഴെപ്പറയുന്ന സന്ദർഭങ്ങളിലും കൂടി ഒരാളെ വാറണ്ടു കൂടാതെ അറസ്റ്റു ചെയ്യാം.

1. CRPC വകുപ്പു 41 (2) അനുസരിച്ച്, CRPC വകുപ്പുകൾ 109, 110 എന്നിവയിൻ കീഴിൽ വരുന്ന കുറ്റങ്ങൾ ചെയ്യപ്പെടുമ്പോൾ

2. CRPC വകുപ്പ് 42 (2) പ്രകാരം നടപടിക്ക് എടുക്കാവുന്ന ഒരു കുറ്റം ചെയ്തിട്ടുള്ള ഒരാൾ ഒരു കെട്ടിടത്തിനകത്ത് ഒളിച്ചിരിക്കുമ്പോൾ

3. CRPC വകുപ്പു 129 (2) അനുസരിച്ച് ഒരു ജനക്കൂട്ടത്തെ പിരിച്ചു വിടുന്ന നടപടി എടുക്കുമ്പോൾ:

4. CRPC വകുപ്പു 157 (1) പ്രകാരം ഒരു അന്വേഷണ നടപടിയിൽ നടപടിക്ക് എടുക്കാവുന്ന ഒരു കുറ്റം ചെയ്തിട്ടുള്ള ഒരാളെ പിടിച്ചു തടവിൽ വയ്ക്കുമ്പോൾ;

5. CRPC വകുപ്പു 171 ന്റെ കീഴിൽ ഒരു ആവലാതിക്കാരൻ അല്ലെങ്കിൽ ഒരു സാക്ഷി കോടതിയിൽ ഹാജരാകാനോ അല്ലെങ്കിൽ ഒരു കച്ചീട്ട് നിറവേറ്റാനോ വിസമ്മതിക്കുമ്പോൾ.

6. CRPC വകുപ്പു 60 (1) (2) പ്രകാരം തടവുചാടിപ്പോയ ഒരാളെ തിരിയെ പിടിച്ചുകൊണ്ടു വരുമ്പോൾ.

അറസ്റ്റിനെപ്പറ്റി പൊതുവായ വിഷയങ്ങൾ

CRPC 56-ാം വകുപ്പു പ്രകാരം വാറണ്ടുകൂടാതെ അറസ്റ്റു ചെയ്യുന്ന എല്ലാ കേസുകളിലും അവയെപ്പറ്റിയുള്ള വിശദ റിപ്പോർട്ടുകൾ, അറസ്റ്റു കാർഡുകളോട് ഒന്നിച്ച് സ്റ്റേഷൻഹൌസ് ആഫീസറാൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിനോ, സബ് ഡിവിഷണൽ മജിസ്ട്രേട്ടിനോ അയയ്ക്കപ്പെടേണ്ടതാണ് അറസ്റ്റ് ചെയ്യപ്പെട്ട ആൾ ജാമ്യത്തിൽ വിടപ്പെട്ടോ ഇല്ലയോ എന്നുള്ള വിവരവും കൂടി അതിൽ എഴുതിയിരിക്കണം.

CRPC 56-ാം വകുപ്പനുസരിച്ച് വാറണ്ടു കൂടാതെ ഒരാളെ അറസ്റ്റു ചെയ്യുന്ന ഒരു പോലീസ് ആഫീസർ അയാളെ പോലീസ് സ്റ്റേഷനിലേയ്ക്കോ, അല്ലെങ്കിൽ ഒരു മജിസ്ട്രേട്ടിന്റെ അടുക്കലോ അയയ്ക്കണം. വാറണ്ടു കൂടാതെ ഒരാൾ അറസ്റ്റു ചെയ്യപ്പെട്ടിരിക്കുന്ന ഒരു കേസിൽ മതിയായ തെളിവുകൾ കിട്ടിയിട്ടില്ലെങ്കിൽ CRPC 169-ാം വകുപ്പനുസരിച്ച് ആ പോലീസ് ആഫീസർക്ക് അയാളെ കസ്റ്റഡിയിൽ നിന്നു വിട്ടയക്കാവുന്നതാണ്. പിന്നീട് ആവശ്യമുണ്ടാകുമ്പോൾ അയാൾ ഹാജരാകുന്നതിലേക്കുവേണ്ടി ഉറപ്പോടു (Surety) കൂടിയതോ കൂടാത്തതോ ആയ ഒരു ബോണ്ട് അയാളിൽനിന്ന് എഴുതി വാങ്ങിയതിനുശേഷമാണ് അയാളെ വിട്ടയക്കേണ്ടത്.

CRPC വകുപ്പ് 43 (2) പ്രകാരം ഒരു സ്വകാര്യ വ്യക്തിയിൽ ഒരാൾ അറസ്റ്റ് ചെയ്യപ്പെട്ട് ഒരു പോലീസ് സ്റ്റേഷൻ ഹൌസ് ആഫീസറുടെ അടുക്കൽ ഏൽപ്പിക്കപ്പെടുകയും അങ്ങനെ ഏൽപ്പിക്കപ്പെട്ട ആൾ CRPC വകുപ്പുകൾ 41, 42 എന്നിവ പ്രകാരം ഒരു കുറ്റം ചെയ്തിട്ടുള്ളതായി സ്റ്റേഷൻ ഹൌസ് ആഫീസർ അറിയുകയും ചെയ്യുന്ന ഒരു സംഗതിയിൽ, അയാളെ മേൽപ്പറഞ്ഞ 41, 42 എന്നീ വകുപ്പുകളനുസരിച്ച് തിരിയെ അറസ്റ്റ് ചെയ്ത് കസ്റ്റഡിയിൽ വയ്ക്കാനായി സ്റ്റേഷൻ ഹൌസ് ആഫീസർക്ക് അധികാരമുണ്ട്. അതുപോലെ തന്നെ, അയാൾ ഒരു കുറ്റവും ചെയ്തിട്ടില്ലെന്ന് സ്റ്റേഷൻ ഹൌസ് ആഫീസർ കരുതിയാൽ അയാളെ വിട്ടയയ്ക്കാവുന്നതുമാണ്.

ഒരു സ്റ്റേഷൻ ഹൌസ് ആഫീസറോ, അല്ലെങ്കിൽ ഒരു കുറ്റാന്വേഷണം നടത്തിക്കൊണ്ടിരിക്കുന്ന മറ്റൊരു പോലീസാഫീസറോ CRPC വകുപ്പ് 55

(പോജ് 7 ............)

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്

ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0484-2592249, 9447414608

# അറസ്റ്റും കസ്റ്റഡിയും .................

പ്രകാരം ഒരാളെ വാറണ്ടോടു കൂടിയോ, കൂടാതെയോ അറസ്റ്റു ചെയ്യുന്നതിലേക്കു വേണ്ടി തന്റെ കീഴിലുള്ള ഒരു പോലീസാഫീസറെ അധികാരപ്പെടുത്തി അയയ്ക്കാവുന്നതാണ്.

CRPC വകുപ്പ് 57 പ്രകാരം വാറണ്ടു കൂടാതെ ഒരു പോലീസ് ആഫീസറാൽ അറസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്ന ഒരാൾ യാത്രയ്ക്കുള്ള സമയം ഒഴിച്ച് അറസ്റ്റു ചെയ്യപ്പെട്ട സമയം മുതൽ 24 മണിക്കൂറിനകത്ത് ഒരു മജിസ്ട്രേട്ടിന്റെ മുൻപിൽ ഹാജരാക്കപ്പെടേണ്ടതാണ്. അറസ്റ്റു ചെയ്യപ്പെട്ടിട്ടുള്ള ഒരാൾ ചെയ്തിട്ടുള്ളതായി ഉദ്ദേശിക്കപ്പെടുന്ന കുറ്റത്തെപ്പറ്റിയുള്ള അന്വേഷണം 24 മണിക്കൂറിനകത്ത് പൂർത്തിയാകുന്നത് സംശയമാണെങ്കിൽ ആ പോലീസാഫീസർ ഉടൻ തന്നെ അയാളെ കോടതിക്ക് അയക്കുകയും കോടതി മുഖാന്തിരം അയാളെ റിമാണ്ടിൽ വയ്പിക്കുകയും ചെയ്യേണ്ടതാണ്.

കോടതിയുടെ വാറണ്ട് അനുസരിച്ചുള്ള അറസ്റ്റുകൾ

താഴെപ്പറയുന്ന സന്ദർഭങ്ങളിൽ കോടതിയുടെ വാറണ്ടനുസരിച്ച് ഒരാളെ അറസ്റ്റു ചെയ്യേണ്ടി വരും.

1. CRPC 73-ാം വകുപ്പിൻ കീഴിൽ തടവുചാടിപ്പോയ ഒരാൾ പ്രഖ്യാപിക്കപ്പെട്ട ഒരു കുറ്റക്കാരൻ ജാമ്യത്തിൽ വിടാൻ പാടില്ലാത്ത ഒരു കുറ്റം ചെയ്തതിനുശേഷം ഒളിച്ചു നടക്കുന്ന ഒരാൾ മുതലായവരെ അറസ്റ്റ് ചെയ്യുന്നത്.

2. CRPC വകുപ്പ് 79 പ്രകാരം കോടതിയുടെ അധികാരാതിർത്തിക്കു പുറത്തുള്ള ഒരാളെ അറസ്റ്റു ചെയ്യുന്നത്.

3. CRPC 87-ാം വകുപ്പനുസരിച്ച് ഒളിച്ചോടിപ്പോയ ഒരാളെയോ, അല്ലെങ്കിൽ സമ്മൻസ് അനുസരിച്ച് കോടതിയിൽ ഹാജരാകാതിരിക്കുന്ന ഒരാളെയോ അറസ്റ്റ് ചെയ്ത് ഹാജരാക്കാനായി സമ്മൻസിനു പകരമോ അല്ലെങ്കിൽ സമ്മൻസോടു കൂടിയോ കോടതിയിൽ അയയ്ക്കപ്പെടുന്ന ഒരു വാറണ്ടിനെ നിറവേറ്റുന്നത്.

4. CRPC 89-ാം വകുപ്പു പ്രകാരം കോടതിയിൽ ഹാജരാകുന്നതിനുവേണ്ടി താൻ കൊടുത്തിട്ടുള്ള ഒരു ബോണ്ടിന്റെ നിബന്ധനകളെ അനുസരിക്കാത്ത ആളെ അറസ്റ്റു ചെയ്യുന്നത്.

5. CRPC വകുപ്പ് 94 (e) പ്രകാരം കളവു മുതലുകൾ ക്രമവിരുദ്ധ സാധനങ്ങൾ മുതലായവയെ കൈവശം വച്ചിരിക്കുന്ന ഒരാളെ അറസ്റ്റു ചെയ്യുന്നത്.

6. CRPC വകുപ്പ് 204 (1) (b) അനുസരിച്ച് നടപടിക്കു എടുക്കാവുന്ന ഒരു കുറ്റത്തെ മജിസ്ട്രേട്ടു വിചാരണയ്ക്ക് എടുത്തിട്ടുള്ള ഒരു സംഗതിയിൽ കുറ്റക്കാരനെ കോടതിയിൽ ഹാജരാക്കാനായി അറസ്റ്റു ചെയ്യുന്നത്.

7. CRPC 113-ാം വകുപ്പു പ്രകാരം CRPC 107 മുതൽ 110 വരെയുള്ള വകുപ്പുകളിൻ കീഴിൽ വരുന്ന കുറ്റങ്ങൾക്കുവേണ്ടി ഒരാളെ അറസ്റ്റ് ചെയ്യുന്നത്.

8. CRPC വകുപ്പ് 390 പ്രകാരം ഒരാളെ നിർദ്ദോഷിയാക്കി വിട്ടയച്ചതിനെതിരായി ഹൈക്കോടതിയിൽ കൊടുത്തിട്ടുള്ള ഒരു അപ്പീലിൻ പേരിൽ അയാളെ തിരിയെ അറസ്റ്റ് ചെയ്യുന്നതിനുവേണ്ടി ഹൈക്കോടതിയാൽ പുറപ്പെടുവിക്കപ്പെട്ട അറസ്റ്റ് വാറണ്ടിനെ നിറവേറ്റുന്നത്.

കോടതിയുടെ വാറണ്ടുകളെപ്പറ്റി

കോടതിയിൽ പുറപ്പെടുവിക്കപ്പെടുന്ന ഒരു വാറണ്ട് കോടതി അദ്ധ്യക്ഷന്റെ കൈയൊപ്പ്, കോടതിയുടെ മുദ്ര, തീയതി മുതലായവ അടങ്ങിയതായിരിക്കും. അതു റദ്ദാക്കി പിൻവലിക്കപ്പെടുന്നതു വരെയോ, അല്ലെങ്കിൽ നിറവേറ്റപ്പെടുന്നതുവരെയോ, നടപ്പിലിരിക്കും. അറസ്റ്റു ചെയ്യപ്പെടുന്ന ആൾ ഒരു ബോണ്ടിൻ പേരിൽ വിട്ടയയ്ക്കപ്പെടുന്നത് അനുവദിക്കപ്പെടുന്നെങ്കിൽ ആ വാറണ്ടിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ അടങ്ങിയിരിക്കും.

1. അയാൾ സ്വയമായി ഏതു തുകയ്ക്ക് ബോണ്ടു കൊടുക്കണം എന്നുള്ളത്.

2. ഉറപ്പുകാർ (Sureties) ഉണ്ടെങ്കിൽ ഓരോരുത്തരും ഏതു തുകയ്ക്കാണ് ഉറപ്പു നൽകേണ്ടത് എന്നുള്ളത്.

3. അറസ്റ്റ് ചെയ്യപ്പെടുന്ന ആൾ കോടതിയിൽ ഹാജരാകേണ്ട സമയം, തീയതി.

ഒരു വാറണ്ട് നിറവേറ്റപ്പെടുന്നതിലേയ്ക്കായി കോടതിയാൽ ഒരു ആഫീസറുടെ അടുക്കൽ അയയ്ക്കപ്പെടുന്നെങ്കിൽ അതിനെ നിറവേറ്റാനായി മറ്റൊരു വ്യക്തിയെ ആ ആഫീസർക്ക് അധികാരപ്പെടുത്താം. അതിനുവേണ്ടി വാറണ്ടിന്റെ പുറത്തെഴുതി കൈയൊപ്പിടണം. ഒരു വാറണ്ടനുസരിച്ച് ഒരാളെ അറസ്റ്റു ചെയ്യുമ്പോൾ ആ വാനിൽ പറയുന്ന വിഷയങ്ങളെ അറസ്റ്റു ചെയ്യപ്പെടുന്ന ആൾക്ക് പറഞ്ഞു മനസ്സിലാക്കണം. അയാൾ ആവശ്യപ്പെടുന്നെങ്കിൽ അയാൾക്ക് വാറണ്ടിനെ കാണിക്കുകയും ചെയ്യണം. ഒരു അറസ്റ്റ് വാറണ്ട് ഇൻഡ്യയിൽ ഏതു സ്ഥലത്തു വച്ചു നിറവേറ്റപ്പെടാവുന്നതും അതിനുവേണ്ടി അറസ്റ്റു ചെയ്യപ്പെടേണ്ട ആളെ എവിടെയായാലും പിൻതുടരാൻ ഒരു പോലീസാഫീസർക്ക് അധികാരമുള്ളതുമാണ്.

സർക്കാർ ഉദ്യോഗസ്ഥൻമാരെ അറസ്റ്റു ചെയ്യുന്നത്

ഒരു സർക്കാർ ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്യേണ്ടി വന്നാൽ അയാൾ ജോലിയിലിരിക്കുന്ന വിഭാഗത്തിന്റെ മേലദ്ധ്യക്ഷന് മുൻകൂറായി അറിവുകൊടുക്കുന്നതു നല്ലതാണ്. അങ്ങനെ അറിവു കിട്ടിയാൽ അദ്ദേഹം അയാൾക്കു പകരം മറ്റൊരാളെ ആ ജോലി ചെയ്യാനായി ഏർപ്പാടു ചെയ്യും. പോസ്റ്റോഫീസ്, കമ്പിത്തപാൽ, റയിൽവേ, ആശുപത്രി മുതലായ വിഭാഗങ്ങളുടെ കാര്യത്തിൽ ഈ വിഷയം ശ്രദ്ധിക്കപ്പെടേണ്ടതു വളരെ അത്യാവശ്യമാണ്. പൊതുജന താല്പര്യത്തിനു ഹാനിയുണ്ടാകാൻ പാടില്ല. ഇതിനിടയ്ക്ക് അറസ്റ്റു ചെയ്യപ്പെടേണ്ട ആൾ ഒളിച്ചോടിപ്പോകാതെ നോക്കിയാൽ മതിയാകും. അങ്ങനെ മുന്നറിയിപ്പു കൊടുക്കപ്പെടുന്നത് രഹസ്യമായിരിക്കണം. ചിലപ്പോൾ പല കാരണങ്ങൾകൊണ്ട് ഒരു സർക്കാർ ഉദ്യോഗസ്ഥനെ യാതൊരു മുന്നറിയിപ്പും കൂടാതെ പെട്ടെന്ന് അറസ്റ്റു ചെയ്യേണ്ടിവരും, അങ്ങനെയുള്ള സന്ദർഭങ്ങളിൽ അയാൾ അറസ്റ്റു ചെയ്യപ്പെട്ട ഉടൻതന്നെ അയാൾക്ക് തൊട്ടുമേലുള്ള ഉദ്യോഗസ്ഥനെ അതു സംബന്ധിച്ച് അറിയിക്കപ്പെടണം. അതോടുകൂടി അയാൾ ചെയ്തിട്ടുള്ളതായി ആരോപിക്കപ്പെടുന്ന കുറ്റത്തെപ്പറ്റിയും അയാൾ ജാമ്യം, ബോണ്ട് എന്നിവയിൻ പേരിൽ വിട്ടയക്കപ്പെടുന്നുണ്ടോ, ഇല്ലയോ എന്നുള്ളതിനെപ്പറ്റിയും ഉള്ള ഒരു വിശദ റിപ്പോർട്ട് ആ മേലുദ്യോഗസ്ഥന്റെ അടുക്കൽ അയയ്ക്കപ്പെടണം.

സായുധസേനയിലുളളവരെ അറസ്റ്റു ചെയ്യുന്നത്

സായുധസേനയിലുള്ള ഒരാൾ കൃത്യവിലോപം ചെയ്ത് ഓടിപ്പോയാലോ അല്ലെങ്കിൽ അയാൾക്ക് അനുവദിച്ചിട്ടുള്ള ലീവിന്റെ കാലാവധി കഴിഞ്ഞതിനു ശേഷവും അയാൾ മടങ്ങി ജോലിക്ക് ഹാജരാകാതിരുന്നാലോ, അയാളെ പിടിച്ചു സായുധസേനയിൽ ഏൽപ്പിക്കണമെന്ന് പലപ്പോഴും പോലീസ് ഡിപ്പാർട്ടുമെന്റിനു നിർദ്ദേശങ്ങൾ വരും, ആ നിർദ്ദേശങ്ങളനുസരിച്ച്, പിടിക്കപ്പെടുന്ന ആളുകളെ അടുത്തുള്ള സായുധസേന യൂണിറ്റിലേയ്ക്കു അയയ്ക്കപ്പെടണം. അയാളെ പിടിച്ച പോലീസ് റിപ്പോർട്ടും പിടിക്കാനുള്ള സായുധസേനയുടെ നിർദ്ദേശവും കൂടി ആ യൂണിറ്റിലേയ്ക്കു അയയ്ക്കപ്പെടണം. സ്വമേധയായി പോലീസ് സ്റ്റേഷനിൽ ഹാജരായി കീഴടങ്ങുന്ന സായുധസേന കുറ്റക്കാരും, അതുപോലെ തന്നെ പോലീസ് റിപ്പോർട്ടോടുകൂടി അടുത്തുള്ള സായുധസേന യൂണിറ്റിലേയ്ക്ക് അയയ്ക്കപ്പെടണം. സായുധസേനയിലുള്ള ഒരു കുറ്റക്കാരനെ പിടിച്ചു കഴിഞ്ഞാൽ, അയാളെ പോലീസ് ലോക്കപ്പിലോ, ജയിലിലോ വയ്ക്കാൻ പാടില്ല.

അറസ്റ്റു നടപടി

CRPC 46-ാം വകുപ്പു പ്രകാരം ഒരാൾ അറസ്റ്റു ചെയ്യപ്പെട്ടിരിക്കുന്നതായി കരുതപ്പെടണമെങ്കിൽ അറസ്റ്റു ചെയ്യുന്ന ആഫീസർ അയാളെ കൈയ്യാൽ തൊട്ടിരിക്കണം. എന്നാൽ, അറസ്റ്റു ചെയ്യപ്പെടുന്ന ആൾ വാക്കുകളാലോ ക്രിയയാലോ തന്നിഷ്ടത്തോടുകൂടി ഉത്തരവിന് കീഴടങ്ങുന്നെങ്കിൽ അയാളെ തൊടേണ്ട ആവശ്യമില്ല. അതേസമയത്തിൽ അറസ്റ്റു ചെയ്യപ്പെടുന്ന ആൾ, അറസ്റ്റു ചെയ്യുന്നതിനെ ശക്തിയോടുകൂടി എതിർക്കുന്നെങ്കിലോ, അല്ലെങ്കിൽ അറസ്റ്റിനെ ഒഴിച്ചുനിർത്താൻ ശ്രമിക്കുന്നെങ്കിലോ, അയാളെ അറസ്റ്റു ചെയ്യുന്നതിലേയ്ക്കുവേണ്ടി ആവശ്യമുള്ള എല്ലാ ഉപായങ്ങളെയും പ്രയോഗിക്കാൻ ആ ആഫീസർക്ക് അധികാരമുണ്ട്. പക്ഷേ മരണശിക്ഷയോ ജീവപര്യന്തമുള്ള തടവുശിക്ഷയോ വിധിക്കത്തക്ക കുറ്റാരോപണം ചെയ്യപ്പെടാത്ത ഒരാൾക്ക് ഒരു കാരണം കൊണ്ടും മരണം സംഭവിക്കാൻ ഇടയാകരുത്

വാറണ്ടോടുകൂടി ഒരാളെ അറസ്റ്റു ചെയ്യുമ്പോൾ, ആ വാറണ്ടിൽ അടങ്ങീട്ടുള്ള വിവരങ്ങൾ അയാളെ പറഞ്ഞ് മനസ്സിലാക്കണം. അയാൾ ആവശ്യപ്പെടുന്നെങ്കിൽ ആ വാറണ്ടിനെ അയാൾക്ക് കാണിക്കണം. വാറണ്ടുകൂടാതെ ഒരാൾ അറസ്റ്റു ചെയ്യപ്പെടുന്നെങ്കിൽ CRPC വകുപ്പ് 50 അനുസരിച്ച് അയാളെ അറസ്റ്റു ചെയ്യുന്നതിലേയ്ക്കുള്ള കാരണങ്ങളെ അയാളോടു പറയുകയും (ജാമ്യം അനുവദിച്ചിട്ടുണ്ടെങ്കിൽ) ജാമ്യം കൊടുക്കാൻ അയാൾക്കുള്ള അവകാശത്തെ അയാളോട് എടുത്തു പറയുകയും ചെയ്യേണ്ടതാണ്.

ഒരു സ്ത്രീയെ അറസ്റ്റു ചെയ്യുന്ന പോലീസ് ആഫീസറുടെ സ്ഥാനവലിപ്പം ഒരു അസിസ്റ്റന്റ് സബ് ഇൻസ്പെക്ടറിനെക്കാൾ കുറയാൻ പാടില്ല. നിവർത്തിയില്ലാതെ വരുമ്പോൾ ഒരു ഹെഡ്കോൺസ്റ്റബിളും അറസ്റ്റു ചെയ്യാം. അങ്ങനെ ഒരു ഹെഡ്കോൺ സ്റ്റബിൾ ഒരു സ്ത്രീയെ അറസ്റ്റു ചെയ്യുന്ന കേസുകൾ തക്ക കാരണങ്ങളോടുകൂടി പോലീസ് സൂപ്രണ്ടിനെ അറിയിക്കപ്പെടേണ്ടതാണ്. ഒരു സ്ത്രീ അറസ്റ്റ് ചെയ്യപ്പെടുമ്പോൾ അവളുടെ ഒരു മുഖ്യ ബന്ധുവും, വില്ലേജ് ആഫീസറോ, അല്ലെങ്കിൽ ഒരു ടൗൺ ആഫീസറോ, കഴിയുമെങ്കിൽ അവിടെ ഹാജരാ യിരിക്കണം.

CRPC 47-ാം വകുപ്പനുസരിച്ച് ഒരു കെട്ടിടത്തിനകത്ത് ഒളിച്ചിരിക്കുന്ന ഒരാളെ അറസ്റ്റു ചെയ്യുന്നതിനുവേണ്ടി ആവശ്യമുണ്ടെങ്കിൽ ബലപ്രയോഗത്തോടുകൂടി അതിനകത്ത് പ്രവേശിക്കാൻ ഒരു പോലീസാഫീസർക്കു അധികാരമുണ്ട്.

ഒരാളെ അറസ്റ്റു ചെയ്യുന്നതിനുവേണ്ടി അറസ്റ്റു ചെയ്യുന്ന ആഫീസർ യൂണിഫാറത്തിലിരിക്കണമെന്നു നിർബന്ധമില്ല. പക്ഷേ ആ ആഫീസർ തന്റെ ഔദ്യോഗിക സ്ഥാനത്തെ ഏതെങ്കിലും വിധത്തിൽ നല്ലതു പോലെ തെളിയിക്കണം.

CRPC 59-ാം വകുപ്പനുസരിച്ച് അറസ്റ്റു ചെയ്യപ്പെട്ട ഒരാൾ ആവശ്യമുള്ളപ്പോൾ കോടതിയിൽ താൻ ഹാജരാകുമെന്നുള്ളതിനെ, നിശ്ചിതമാക്കുന്ന തരത്തിൽ ഉറപ്പോടു കൂടിയതോ കൂടാത്തതോ ആയ ഒരു ബോണ്ട് എഴുതിക്കൊടുത്തിട്ടില്ലെങ്കിലോ, അല്ലെങ്കിൽ ഒരു മജിസ്ട്രേട്ടിന്റെ ഒരു പ്രത്യേക ഉത്തരവു കിട്ടിയിട്ടില്ലെങ്കിലോ, വിട്ടയയ്ക്കപ്പെടാൻ പാടില്ല.

ഒരാൾ അറസ്റ്റു ചെയ്യപ്പെട്ട സമയം, തീയതി, സ്ഥലം, കുറ്റവിവരം, ജാമ്യം, ബോണ്ട്, ഉറപ്പുകാർ (Sureties), ഉറപ്പുതുക മുതലായ വിവരങ്ങൾ അറസ്റ്റു കാർഡിലും, ജനറൽ ഡയറിയിലും എഴുതപ്പെടണം.

## കാർട്ടൂൺ

പ്രകാശ് വട്ടക്കാട്ടുപടി




## റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ സി.ഡി. റോമിൽ

13 പ്രസംഗങ്ങൾ. 13 മണിക്കൂർ ദൈർഘ്യം MP 3 ഫോർമാറ്റ്. വില 100 രൂപ മാത്രം പോസ്റ്റേജ് സൗജന്യം. വില എം.ഒ. അയക്കുക. കൊറിയർ സർവ്വീസിലൂടെയാണ് സി.ഡി. അയക്കുന്നത്. അതു കൊണ്ട് നിങ്ങളുടെ ഫോൺ നമ്പർ, നിങ്ങൾക്ക് ഏറ്റവും സൗകര്യപ്രദമായ കൊറിയർ സർവ്വീസിൻെറ പേര് എന്നിവ മണിയോർഡർ കൂപ്പണിൽ എഴുതുക.

കൂടുതൽ വിവരങ്ങൾക്ക്:

എഡിറ്റർ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ. 683542
ഫോൺ: **0484-2592249,** 9447414608

RNI No. 68089 / 97
2005 April 16

THE DEFENDER

REGISTERED
KL/CR/ALY/221/2003-05

# ഇതാകുന്നു അച്ചൻകുഞ്ഞിന്റെ സുവിശേഷം

മരുപ്പച്ചയുടെ എഡിറ്ററും ഐ.പി.സി. സ്റ്റേറ്റ് കൗൺസിൽ മെമ്പറുമായ അച്ചൻകുഞ്ഞ് ഇലന്തൂർ ഗുരുതരമായ ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്ന വ്യക്തിയാണെന്ന് ഡിഫെൻഡർ റിപ്പോർട്ടു ചെയ്തിരുന്നല്ലോ. മരുപ്പച്ചയുടെ 2005 ഏപ്രിൽ 5 ലക്കത്തിൽ അച്ചൻകുഞ്ഞ് എഴുതിയ മുഖപ്രസംഗം ഡിഫെൻഡറിന്റെ നിലപാട് ശരിവയ്ക്കുന്നു.

“സംഘടനകളിൽ അംഗത്വമില്ലാത്ത ക്രിസ്തു” എന്നതാണ് എഡിറ്റോറിയലിന്റെ തലക്കെട്ട്. ക്രിസ്തു ഏതെങ്കിലും സംഘടനയിലെ അംഗമാണെന്ന് ആരെങ്കിലും പറഞ്ഞിട്ടുള്ളതായി അറിവില്ല. അങ്ങനെയിരിക്കെ ഇത്തരത്തിലുള്ള ഒരു തലക്കെട്ടിന്റെ പ്രസക്തി മനസ്സിലാകുന്നില്ല.

സമയമാം രഥത്തിൽ, ലോകമാം ഗംഭീരവാരിധിയിൽ, അനുഗ്രഹത്തിൻ അധിപതിയെ തുടങ്ങിയ ഗാനങ്ങൾ ആരെഴുതിയതെന്നു പരിഗണിക്കാതെ എല്ലാ ക്രൈസ്തവരും പാടുന്നുണ്ട് എന്ന വസ്തുത ചൂണ്ടിക്കാണിച്ചുകൊണ്ടാണ് അച്ചൻ കുഞ്ഞ് ലേഖനമാരംഭിക്കുന്നത്. ഈ ഗാനങ്ങൾ “സഭകൾക്കും ഉപദേശങ്ങൾക്കും അതീതമായി ക്രൈസ്തവ കൈരളി നെഞ്ചിലേറ്റുന്നു” എന്ന് അച്ചൻകുഞ്ഞ് പറയുന്നു. ശരി തന്നെ. ചുരുക്കം ചില കൾട്ടുകൾ ഒഴികെ ഏതു സഭാ വിഭാഗത്തിനും അംഗീകരിക്കാവുന്ന നിലപാടുകൾ മാത്രമേ ഈ ഗാനങ്ങളിൽ ഉള്ളൂ. അതുകൊണ്ടാണ് ഈ ഗാനങ്ങൾക്ക് ഇത്രത്തോളം സ്വീകാര്യത ഉണ്ടായത്.

ഉപദേശ പിശകുകൾ നിറഞ്ഞ ഗാനങ്ങൾ തിരസ്കരിക്കാനുള്ള വിവേകം ദൈവമക്കൾക്കുണ്ട് എന്ന വസ്തുത അച്ചൻ കുഞ്ഞിന് അറിഞ്ഞുകൂടായെന്ന് തോന്നുന്നു. ‘നിത്യവിശുദ്ധയാം കന്യാ മറിയമേ’ എന്നു തുടങ്ങുന്ന ഗാനം ഒന്നാംതരമാണെന്ന കാര്യത്തിൽ ആർക്കും അഭിപ്രായ വ്യത്യാസം ഉണ്ടാകുമെന്ന് തോന്നുന്നില്ല. എങ്കിലും വീണ്ടും ജനനം പ്രാപിച്ച ദൈവ മക്കൾ ഈ ഗാനം പാടാറില്ല.

അജ്ഞത മൂലം ദൈവമക്കൾക്കും അബദ്ധം പറ്റിയെന്നു വരാം. ‘മോക്ഷ യാത്രയാണിത് ഞാൻ നടപ്പത്’എന്നു പാടുന്നത് ഇത്തരം ഒരു അബദ്ധമാണ്. ജനനമരണ ചക്രത്തിൽ നിന്നുള്ള മോചനമാണ് മുക്തി അഥവാ മോക്ഷം. പുനർജന്മത്തിൽ വിശ്വാസമില്ലാത്ത ദൈവമക്കൾക്ക് മോക്ഷത്തിലേയ്ക്ക് യാത്രചെയ്യാൻ പറ്റില്ല. യേശുക്രിസ്തു നൽകുന്ന രക്ഷ മോക്ഷവും അല്ല. വാക്കിന്റെ അർത്ഥം അറിയാതെ പാട്ടുപാടുന്നതു കൊണ്ടുണ്ടാകുന്ന അബദ്ധമാണിത്.

കരിസ്മാറ്റിക് മുന്നേറ്റത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് ദൈവത്തിന്റെ ആത്മാവുതന്നെയാണോ എന്ന വിഷയം കൂടുതൽ ഗവേഷണങ്ങൾക്ക് വിധേയമാകേണ്ടതാണ്. വീണ്ടും ജനനത്തിന്റെ ഉപദേശം കരിസ്മാറ്റിക് മുന്നേറ്റത്തിൽ ഉണ്ടോ? വീണ്ടും ജനനം പ്രാപിച്ചവൻ മറിയത്തോടും പുണ്യവാളനോടും പ്രാർത്ഥിക്കുമോ? കൊന്ത ചൊല്ലുന്നതിനിടയിൽ പറയുന്ന അന്യഭാഷ ദൈവീകമാണോ?

ക്രിസ്ത്യാനിത്വത്തെ കേരള മണ്ണിൽ നിലനിർത്തിയത് പട്ടത്വ സഭകൾ ആണെന്ന് അച്ചൻ കുഞ്ഞ് പറയുന്നു. ക്രിസ്തുമതവും ക്രിസ്ത്യാനിത്വവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാൻ അച്ചൻ കുഞ്ഞിന് കഴിയുന്നില്ല. പട്ടത്വ സഭകൾ കേരളത്തിൽ നിലനിർത്തിയത് ക്രിസ്ത്യാനിത്വമല്ല, ക്രിസ്തു മതമാണ്.

“കേരള സഭയെ കർത്താവ് തള്ളികളഞ്ഞില്ലെന്നതിന്റെ തെളിവാണ് പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ വരവ്” എന്ന് അച്ചൻ കുഞ്ഞ് പറയുന്നു. വിവരക്കേടു പറയുന്നതിനും ഒരതിരു വേണ്ടേ. ക്രിസ്തുവിന്റെ നാമം പോലും കേട്ടിട്ടില്ലാത്ത സ്ഥലങ്ങളിലും മിഷനറിമാർ ചെന്നിട്ടുണ്ട്. അത്തരം ദേശങ്ങളിലുള്ള മതവിശ്വാസങ്ങൾ ദൈവം അംഗീകരിച്ചു എന്നതിന്റെ തെളിവായി അത് എടുക്കാമോ. ദൈവം സകല മനുഷ്യരേയും സ്നേഹിക്കുന്നു. അതുകൊണ്ട് മനുഷ്യരുള്ളയിടത്തെല്ലാം ദൈവം തന്റെ ദാസന്മാരെ രക്ഷയുടെ ദൂതുമായി അയക്കുന്നു. കേരളത്തിൽ നിലനിന്നിരുന്ന ക്രിസ്തു മതത്തെ ദൈവം അംഗീകരിച്ചതുകൊണ്ടാണ് മിഷനറിമാരെ കേരളത്തിലേയ്ക്ക് അയച്ചത് എന്ന വാദം പമ്പര വിഢിത്തമാണ്.

“പെന്തക്കോസ്ത് – കരിസ്മാറ്റിക് മുന്നേറ്റത്തോടെ പരിശുദ്ധാത്മാവിന്റെ വരങ്ങളും സഭയിൽ വെളിവായി” എന്നത്രേ അച്ചൻ കുഞ്ഞിന്റെ സിദ്ധാന്തം. പരിശുദ്ധാത്മാവിന്റെ വരങ്ങൾ ഒഴികെ ഉള്ളതെല്ലാം കേരളത്തിലെ സഭയിൽ പണ്ടു മുതലേ ഉണ്ടായിരുന്നു എന്നാണ് അച്ചൻ കുഞ്ഞ് പറഞ്ഞു വെയ്ക്കുന്നത്. എന്താണ് സഭ? രക്ഷിക്കപ്പെടാത്തവന് സഭയിലെ അംഗമാകാൻ കഴിയുമോ? വീണ്ടും ജനനം പ്രാപിച്ചവരുടെ, അതായത് രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണ് സഭ. കേരളത്തിൽ നിലനിന്നിരുന്ന ക്രിസ്തുമതത്തിൽ വീണ്ടും ജനനത്തിന്റെ ഉപദേശം ഇല്ലായിരുന്നു. വീണ്ടും ജനിക്കാത്ത ആരും ക്രിസ്ത്യാനിയല്ല. അതുകൊണ്ട് കേരളത്തിൽ നിലനിന്നിരുന്നത് ക്രിസ്തു സഭയല്ല ക്രിസ്തു മതമാണ്. മിഷനറിമാരുടെ വരവോടെ കേരളത്തിലെ ക്രിസ്തുമതത്തിൽ പരിശുദ്ധാത്മ വരങ്ങൾ ലഭിക്കുകയല്ലാ ചെയ്തത് മറിച്ച് കേരളത്തിൽ വീണ്ടും ജനിച്ച ക്രിസ്ത്യാനികൾ ഉണ്ടാവുകയായിരുന്നു.

കരിസ്മാറ്റിക് മുന്നേറ്റത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് ദൈവത്തിന്റെ ആത്മാവുതന്നെയാണോ എന്ന വിഷയം കൂടുതൽ ഗവേഷണങ്ങൾക്ക് വിധേയമാകേണ്ടതാണ്. വീണ്ടും ജനനത്തിന്റെ ഉപദേശം കരിസ്മാറ്റിക് മുന്നേറ്റത്തിൽ ഉണ്ടോ? വീണ്ടും ജനനം പ്രാപിച്ചവൻ മറിയത്തോടും പുണ്യവാളനോടും പ്രാർത്ഥിക്കുമോ? കൊന്ത ചൊല്ലുന്നതിനിടയിൽ പറയുന്ന അന്യഭാഷ ദൈവീകമാണോ?

“യേശുക്രിസ്തുവിന്റെ ക്രൂശുമരണം, ഉയർത്തെഴുന്നേൽപ്പ്, രണ്ടാം വരവ്, നിത്യത ഇവയിൽ വിശ്വസിക്കുന്നവർ തമ്മിൽ കൂട്ടായ്മ ശക്തിപ്പെടേണ്ടതാണ്” എന്ന് അച്ചൻ കുഞ്ഞ് ഉപദേശിക്കുന്നു. ഈ പറഞ്ഞതെല്ലാം സാത്താനും വിശ്വസിക്കുന്നുണ്ട്. അപ്പോൾ കൂട്ടായ്മയിൽ സാത്താനേയും ഉൾപ്പെടുത്താമായിരിക്കുമല്ലോ? ഇവയെല്ലാം മർത്തോമ സഭ അംഗീകരിക്കുന്നുണ്ട്. അങ്ങനെയിരിക്കെ അച്ചൻകുഞ്ഞ് എന്തിന് മർത്തോമ സഭ വിട്ട് ഐ.പി.സി.യിൽ അംഗത്വം എടുത്തു.

“സങ്കീർണ്ണമായ ഉപദേശങ്ങൾക്കും മലിനപ്പെട്ട സംഘടനകൾക്കും വേണ്ടി കലഹിച്ചു നശിക്കുന്നതിലും നല്ലത് ലോകത്തോടു ക്രിസ്തുവിനെ സാക്ഷിക്കുന്നതല്ലേ?” എന്ന് അച്ചൻകുഞ്ഞ് ചോദിക്കുന്നു. സങ്കീർണ്ണമായ ഉപദേശങ്ങൾ എന്നതിന്റെ പട്ടികയിൽ എന്തൊക്കെ വരും എന്ന് അച്ചൻകുഞ്ഞ് വ്യക്തമാക്കുന്നില്ല. രക്ഷിക്കപ്പെട്ടവർ സ്നാനപെടണം എന്നു പറഞ്ഞാൽ സംഗതി സങ്കീർണ്ണമാകുമോ? ഒറ്റ നോട്ടത്തിൽ അതിമനോഹരമെന്നു തോന്നുന്ന കുറേ വാക്കുകൾ കൊണ്ട് പുക മറ സൃഷ്ടിച്ച് ദൈവ മക്കളെ വഞ്ചിക്കാനാണ് അച്ചൻ കുഞ്ഞ് ശ്രമിക്കുന്നത്. കത്തോലിക്കർ ഉൾപ്പെടെയുള്ള, സമുദായങ്ങൾ ചേർത്തിണക്കി ഇണയില്ലാ പിണ്ണ ഉണ്ടാക്കാനാണ് അച്ചൻകുഞ്ഞ് ശ്രമിക്കുന്നത്. കത്തോലിക്കാ മതത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന ബെന്നി പുന്നത്തറ മരുപ്പച്ചയിലെ സ്ഥിരം എഴുത്തു കാരനാണെന്ന വസ്തുത ഇതോടുള്ള ബന്ധത്തിൽ പരിഗണിക്കാം.

മർത്തോമാ സഭയിൽ നിന്നും കുറേ കാലം മുൻപ് ഐ.പി.സി.യിൽ ചേർന്നു വെന്നല്ലാതെ ഒരു മാറ്റവും അച്ചൻ കുഞ്ഞ് ഇലന്തൂരിന് ഉണ്ടായിട്ടില്ല. വീണ്ടും ജനനം പ്രാപിക്കുക എന്നാൽ എന്തെന്ന് ഈ പാവത്തിന് അറിഞ്ഞുകൂടാ. വീണ്ടും ജനിക്കാതെ ആർക്കും ക്രിസ്ത്യാനിയാകാൻ പറ്റില്ലായെന്ന വസ്തുതയും അച്ചൻ കുഞ്ഞിന് അറിഞ്ഞു കൂടാ. അതുകൊണ്ടാണ് ഇത്തരം വിവരക്കേടുകൾ എഴുന്നള്ളിക്കാൻ അച്ചൻ കുഞ്ഞിന് കഴിയുന്നത്.

സാമാന്യം പ്രചാരമുള്ള മരുപ്പച്ച എന്ന ദ്വൈവാരികയുടെ പത്രാധിപർ ആണ് അച്ചൻ കുഞ്ഞ്. അതുകൊണ്ട് ദുരുപദേശങ്ങൾ പ്രചരിപ്പിക്കാൻ അച്ചൻ കുഞ്ഞിന് വലിയ ബുദ്ധിമുട്ട് ഉണ്ടാകയില്ല. അച്ചൻ കുഞ്ഞിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് സാത്താന്യ ശക്തിയാണ് എന്ന വസ്തുത തിരിച്ചറിയാൻ മിക്കവർക്കും കഴിയുന്നില്ല. അതുകൊണ്ടാണ് ഡിഫെൻഡർ ഈ വിഷയം ഇത്ര ഗൗരവത്തിൽ എടുത്ത് പ്രതികരിക്കുന്നത്.

## വിശുദ്ധ പദവി ........

(ഒന്നാം പേജ് ..............)

തെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കാറുണ്ട്. മദറിന്റെ മദ്ധ്യസ്ഥതയിലൂടെ മോനിക്കാ ബസ്റാ എന്ന സ്ത്രീയുടെ ക്യാൻസർ സൗഖ്യമായി എന്നാണ് വത്തിക്കാൻ പ്രഖ്യാപിച്ചിരിക്കുന്നത്.

5. വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ടശേഷം ഒരു അത്ഭുതം കൂടി നടന്നതായി തെളിഞ്ഞാൽ വിശുദ്ധനായി പ്രഖ്യാപിക്കും.

ഫ്രാൻസിസ് അസ്സീസിയെ മരണം കഴിഞ്ഞ് കേവലം രണ്ടു വർഷംകൊണ്ട് വിശുദ്ധനായി പ്രഖ്യാപിച്ചു. 1963ൽ അന്തരിച്ച ജോൺ 23-ാ മന്റെ നാമകരണം ഇന്നുവരെ നടന്നിട്ടില്ല. മദറിന്റെ കാര്യത്തിൽ കാര്യങ്ങളൊക്കെ അസാധാരണമായ വേഗത്തിലാണ് നടക്കുന്നത്. മാർപാപ്പായുടെ കാര്യം എങ്ങനെയാകുമെന്ന് പറയാറായിട്ടില്ല.

## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപന ത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധി ക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ
ഫോൺ: 0484-2592249
മൊബൈൽ: 94474 14608

## സാത്താന് സഭയുണ്ടോ?

സാത്താന് സഭയുണ്ടെന്ന് എലൈൻ പറയുന്നു.
ആരാണ് എലൈൻ?
സാത്താന്റെ സഭയിലെ അംഗവും സാത്താന്റെ മണവാട്ടികളിൽ ഒരാളുമായിരുന്നു എലൈൻ എന്ന വനിത. സാത്താനേക്കുറിച്ചും സാത്താന്റെ സഭയേക്കുറിച്ചും അവർ സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കുന്നു.

വായിക്കുക:

**അവൻ ബന്ധിതരെ മോചിപ്പിക്കുവാൻ വന്നു.** (125 രൂപ)
**യുദ്ധത്തിനായി ഒരുങ്ങുക.** (110 രൂപ)

**ബൈബിളുകൾ, പാട്ടുപുസ്തകങ്ങൾ, ക്രൈസ്തവ ഗ്രന്ഥങ്ങൾ, കാസറ്റുകൾ, സി.ഡികൾ തുടങ്ങിയവയും ലഭിക്കുന്നു.**

**പെരുമ്പാവൂർ ബുക്സ്**
ബെസ്റ്റ് കോംപ്ലക്സ്, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ. ഫോൺ: 0484-2592249 Mob: 94474 14608

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan